بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ نَحۡمَدُہٗ وَنُصَلِّیۡ عَلٰی رَسُوۡلِہِ الۡکَرِیۡمِ وَعَلٰی عَبۡدِہِ الۡمَسِیۡحِ الۡمَوۡعُوۡدِ

وَلَقَدۡ نَصَرَکُمُ اللّٰہُ بِبَدۡرٍ وَّاَنۡتُمۡ اَذِلَّۃٌ

വാള്യം 1

വാർഷിക വരിസംഖ്യ 300 രൂപ

# ബദർ

വീക്കിലി ഖാദിയാൻ

The weekly BADAR Qadian Malayalam

ലക്കം 6

പത്രാധിപർ എച്ച്.ശംസുദ്ദീൻ

സഹപത്രാധിപർ മുഹമ്മദ് ഇസ്മാഈൽ

www.akhbarbadarqadian.in

2016 ഏപ്രിൽ 14/ഹി:ശം:1395 ശഹാദത്ത് 14/ഹി:ഖ: 1437 റജബ് 06

## അഹ്മദിയ്യാ വാർത്ത

അൽഹംദുലില്ലാഹ് സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് ഖലീഫത്തുൽമസീഹ് അൽഖാമിസ് അയ്യദഹുല്ലാഹ് അല്ലാഹുവിന്റെ അനുഗ്രഹത്താൽ സുഖത്തിലും ക്ഷേമത്തിലുമാണ്. ഹുദൂർ അൻവർ 2016 മാർച്ച് 11 ന് ലണ്ടനിലെ ബയ്ത്തുൽ ഫുതൂഹ് മസ്ജിദിൽ ഖുത്ബ ജുമുഅ നിർവഹിച്ചു. അതിന്റെ പൂർണരൂപം ഈ ലക്കം പേജ് 3-ൽ വായിക്കുക.

സ്നേഹിതന്മാർ ഹുദൂർ അൻവറിന്റെ ആരോഗ്യത്തിനും സ്വാസ്ഥ്യത്തിനും ദീർഘായുസ്സിനും ഉന്നതലക്ഷ്യങ്ങളിൽ വിജയംവരിക്കുന്നതിനും പ്രത്യേകമായ കാവലുണ്ടാകുന്നതിനും ദുആ ചെയ്തുകൊണ്ടേ ഇരിക്കുക. അല്ലാഹു എപ്പോഴും ഹുദൂർ അൻവറിന്റെ സംരക്ഷകനും സഹായിയുമായിരിക്കട്ടെ. സഹായവും തുണയും നല്കുമാറാകട്ടെ. ആമീൻ. അല്ലാഹുമ്മ അയ്യിദ് ഇമാമനാ ബി റൂഹിൽ ഖുദുസ് വ ബാരിക്കലനാ ഫീ ഉംരിഹീ വ അംരിഹീ.

**ഒരാൾ അല്ലാഹുവിനെ ഏകനും പങ്കുകാരനില്ലാത്തവനുമായി മനസ്സിലാക്കുകയും അവന്റെ അസ്തിത്വത്തിലും സത്തയിലും ഏകത്വത്തിലും വിശ്വസിക്കുകയും ചെയ്യുന്നതിനോടൊപ്പം നബി(സ) തിരുമേനിയുടെ നുബുവ്വത്തിൽ വിശ്വസിക്കേണ്ടതും നിർബന്ധമാണെന്ന കാര്യത്തിൽ സ്വഹാബത്തിന്റെ (റളിയല്ലാഹുഅൻഹും) കാലം തൊട്ട് നമ്മുടെ ഇക്കാലം വരെയുള്ള എല്ലാ മുസ്ലിം കക്ഷികളും ഏകാഭിപ്രായക്കാരാണ്.**

### സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഉപദേശങ്ങൾ

കലാപങ്ങൾ മുറ്റി നില്ക്കുന്ന ഇക്കാലത്ത് മോക്ഷപ്രാപ്തിക്കായി നബി(സ) തിരുമേനിയിൽ വിശ്വസിക്കേണ്ടതില്ലെന്നും ആ മഹാത്മാവിനെ പിൻപറ്റേണ്ടത് അത്യാവശ്യമല്ലെന്നും അല്ലാഹുവിന് പങ്കാളികളാരുമില്ലെന്ന് വിശ്വസിച്ചാൽ സ്വർഗത്തിൽ കടക്കാമെന്നും കരുതുന്ന ചിലയാളുകൾ മുസ്ലിം സമുദായത്തിൽ പിറന്നുവീണിരിക്കുന്നു. കെട്ടിപ്പറഞ്ഞും അക്രമം പ്രവർത്തിച്ചും അല്ലെങ്കിൽ തെറ്റായ നിഗമനങ്ങൾവച്ചു പുലർത്തിക്കൊണ്ടും അടിസ്ഥാനരഹിതമായ പല ആക്ഷേപങ്ങളും എന്റെമേൽ ആരോപിക്കുന്ന ചിലയാളുകളുമുണ്ട്. അത്തരക്കാരുടെ ഉദ്ദേശ്യം ഈ ജമാഅത്തിനെ സംബന്ധിച്ച് മറ്റുള്ളവരെ ജാഗ്രതപ്പെടുത്തുക എന്നതാണെന്ന് തോന്നുന്നു. മതത്തിന്റെ അതിസൂക്ഷ്മമായ കാര്യങ്ങൾ മനസ്സിലാക്കാനുള്ള കെല്പില്ലാത്ത കാരണത്താൽ ആരോപണം ഉന്നയിക്കുന്ന ചിലരും ഇല്ലാതില്ല. അവരെക്കൊണ്ട് ഉപദ്രവമൊന്നുമില്ല. എന്നാൽ കാര്യബോധമില്ലാത്തവരാണ്. സ്വമേധയാ യാഥാർഥ്യം അപഗ്രഥിച്ചെടുക്കാനുള്ള പക്വതയും പാടവവും അവർക്കില്ല. അതുകൊണ്ട് ഈ ഉപസംഹാരത്തിൽ ആ എല്ലാ സന്ദേഹങ്ങളും ദൂരീകരിക്കുന്നത് സന്ദർഭോചിതമായിരിക്കുമെന്ന് ഞാൻ മനസ്സിലാക്കുന്നു.

ഇതിലേക്ക് ശ്രദ്ധിക്കേണ്ട ആവശ്യമൊന്നും എനിക്കില്ലായിരുന്നു. കാരണം എന്റെ നിരവധി ഗ്രന്ഥങ്ങളിൽ നിരർഥകമായ ഇത്തരം ആക്ഷേപങ്ങൾക്കെല്ലാം മറുപടി നൽകപ്പെട്ടിട്ടുള്ളതാണ്. പക്ഷേ, പട്യാല നിവാസിയും അസിസ്റ്റന്റ് സർജനുമായ അബ്ദുൽ ഹക്കീംഖാൻ എന്നൊരാൾ എന്റെ ശിഷ്യത്വം സീകരിച്ച് നമ്മുടെ ജമാഅത്തിൽ പ്രവേശിച്ചിരുന്നുവെങ്കിലും, കൂടിക്കാഴ്ചയുടെ അഭാവവും സഹവാസത്തിന്റെ കുറവും മതത്തിന്റെ അതിസൂക്ഷ്മമായ കാര്യങ്ങളിലുള്ള അജ്ഞതയും കാരണം അഹങ്കാരം, അറിവില്ലായ്മ, ആത്മപ്രശംസ, തെറ്റായധാരണ തുടങ്ങിയ അസുഖങ്ങൾക്കടിപ്പെട്ടിരുന്ന അയാൾ നിർഭാഗ്യവശാൽ ഈ ജമാഅത്തിൽനിന്ന് പുറത്തുപോകുകയും നമ്മുടെ ശത്രുവായിത്തീരുകയും ചെയ്തിരിക്കുന്നു. തന്റെ അജ്ഞതനിറഞ്ഞ എഴുത്തുകളിൽ വിഷവായുപ്രയോഗിച്ച് അല്ലാഹുവിന്റെ കരത്താൽ തെളിക്കപ്പെട്ട ഈ ദീപത്തെ അണയ്ക്കുന്നതിന്നായി അയാൾ ശ്രമിച്ചു വരികയാണ്. അതുകൊണ്ട് പൊതുജനങ്ങളെ സത്യാവസ്ഥ ബോധ്യപ്പെടുത്തുന്നതിന് അയാളുടെ ചില ആക്ഷേപങ്ങൾക്ക് ഹ്രസ്വമായ നിലയിൽ മറുപടി പറയുന്നത് ഉചിതമായിരിക്കുമെന്ന് ഞാൻ മനസ്സിലാക്കുന്നു. കാരണം മതപരമായ കാര്യങ്ങളോടുള്ള താൽപര്യക്കുറവും ഭൗതികതയോടുള്ള അമിതമായ അഭിവാഞ്ഛയും കൊണ്ട് എന്റെ ഗ്രന്ഥങ്ങളെല്ലാം അന്വേഷിച്ചു കണ്ടെത്തി അതിലുള്ള മറുപടി തിരഞ്ഞുപിടിക്കുകയെന്നത് സാധാരണക്കാരന് ദുഷ്കരമാണ്.

നമ്മുടെ ജമാഅത്തിൽനിന്ന് അബ്ദുൽ ഹക്കീം ഖാൻ പുറത്തു പോകാനുണ്ടായ കാരണം ആദ്യമേ എഴുതുന്നത് ഉചിതമായിരിക്കും. പരലോക മോക്ഷപ്രാപ്തിക്കായി നബി(സ) തിരുമേനിയിൽ വിശ്വസിക്കേണ്ട ആവശ്യമില്ലെന്നും മറിച്ച് അല്ലാഹുവിനെ ഏകനും പങ്കുകാരനില്ലാത്തവനുമാണെന്ന് മനസ്സിലാക്കുന്ന ഏതൊരാൾക്കും (അയാൾ നബി സ്വല്ലല്ലാഹു അലയ്ഹിവസല്ലമിനെ നിഷേധിക്കുന്നവനാണെങ്കിൽപോലും) മോക്ഷം ലഭ്യമാകുമെന്നുമാണ് അയാളുടെ വിശ്വാസം. ഇതിൽനിന്ന്, അയാളുടെ വീക്ഷണത്തിൽ ഒരാൾ ഇസ്ലാം മതത്തിൽനിന്ന് പുറത്തുപോയാലും മോക്ഷംപ്രാപിക്കുമെന്നത് പ്രകടമാണ്. അതിനുള്ള ശിക്ഷകൊടുക്കുന്നത് അക്രമവുമാണ്. ഉദാഹരണത്തിന്, ഈയടുത്ത കാലത്ത് അബ്ദുൽ ഗഫൂർ എന്നൊരാൾ ആര്യസമാജത്തിൽച്ചേർന്നു. ധറംപാൽ എന്ന പേരും സ്വീകരിച്ചു. അയാൾ നബി(സ) തിരുമേനിയെ നിന്ദിക്കുന്നതിലും കളവു പ്രചരിപ്പിക്കുന്നതിലും രാപ്പകൽ വ്യാപൃതനാണ്. അബ്ദുൽ ഹക്കീം ഖാന്റെ പക്കൽ അയാളും നേരെ സ്വർഗത്തിൽപ്പോകും. കാരണം ആര്യസമാജക്കാർ ബിംബാരാധനയിൽനിന്ന് കൈ പിൻവലിച്ചവരാണ്. എന്നാൽ, ഇത്തരം വിശ്വാസങ്ങളുടെ അടിസ്ഥാനത്തിൽ നബിമാരുടെ (അലയ്ഹിമുസ്സലാം) ആഗമനം അയുക്തികവും അനാവശ്യവുമായിത്തീരുമെന്ന് ഓരോ വിവേകശാലിക്കും അറിയാം. കാരണം നബിമാരുടെ നിഷേധിയും ശത്രുവുമായിരിക്കുന്ന ഒരാൾ അല്ലാഹുവിനെ ഏകനായി കരുതുന്നുവെന്ന കാരണത്താൽ മോക്ഷം പ്രാപിക്കുമെന്നാണെങ്കിൽ നബിമാരുടെ ആഗമനം അനാവശ്യം തന്നെയാണ്.* ആ നബിമാരെ കൂടാതെയും കാര്യങ്ങളൊക്കെ നടക്കുമായിരുന്നു. അവർ വരേണ്ട ആവശ്യമേയില്ല. അല്ലാഹുവിനെ ഏകനും പങ്കുകാരനില്ലാത്തവനുമാണെന്ന് വിശ്വസിച്ചാൽ സ്വർഗത്തിൽ പ്രവേശിക്കാമെന്നുള്ളത് ശരിയാണെങ്കിൽ ലാ ഇലാഹ ഇല്ലല്ലാഹു മുഹമ്മദുർറസൂലുല്ലാഹി എന്ന കലിമയായ മഹദ്വചനവും ഒരുതരം ബഹുദൈവാരാധനയായിത്തീരും. കാരണം മുഹമ്മദുർറസൂല്ലാഹി എന്ന വചനം നിർബന്ധപൂർവം ലാ ഇല്ലാഹ ഇല്ലല്ലാഹു എന്ന വചനത്തോടു കൂട്ടിച്ചേർത്തതാണ്. യഥാർഥത്തിൽ ഇത്തരക്കാർ മുഹമ്മദുർറസൂലുല്ലാഹി എന്ന് പറയുന്നത് ശിർക്കായിട്ട്- ബഹുദൈവാരാധനയായിട്ട് തന്നെയാണ് കരുതുന്നത്. ലാഇലാഹ ഇല്ലല്ലാഹു എന്നതിനോടൊപ്പം ഒന്നും ചേർക്കാതിരിക്കുന്നതാണ് അവരുടെ പക്കൽ പരിപൂർണമായ ഏകദൈവ വിശ്വാസം. അതായത് തൗഹീദ്. അവരുടെ വീക്ഷണത്തിൽ ഇസ്ലാംമതത്തിൽനിന്ന് പുറത്തു പോകുന്നത് മോക്ഷപ്രാപ്തിയ്ക്ക് തടസ്സമാകുന്നില്ല. ഉദാഹരണത്തിന്, ഒരൊറ്റ ദിവസം മുസ്ലിംകൾ ഒന്നടങ്കം നബി(സ) തിരുമേനിയുടെ നുബുവ്വത്തിനെ നിഷേധിച്ചുകൊണ്ട് വഴിപിഴച്ച തത്ത്വചിന്തകരെപ്പോലെ ദൈവത്തിൽ മാത്രം വിശ്വസിക്കുകയും വിശുദ്ധഖുർആനേയും നബി(സ) തിരുമേനിയേയും പിന്തുടരേണ്ടതില്ലെന്ന് കരുതുകയും നിഷേധികളായിത്തീരുകയും ചെയ്താലും അവരുടെ പക്കൽ ഇവരെല്ലാം മുർത്തദ്ദ് അഥവാ മതപരിത്യാഗികളായിരുന്നിട്ടും മോക്ഷം പ്രാപിക്കുകയും നിസന്ദേഹം സ്വർഗത്തിൽ പ്രവേശിക്കുകയും ചെയ്യുന്നതാണ്.

വാസ്തവത്തിൽ, ഒരാൾ അല്ലാഹുവിനെ ഏകനും പങ്കുകാരനില്ലാത്തവനുമായി മനസ്സിലാക്കുകയുംഅവന്റെ അസ്തിത്വത്തിലും സത്തയിലും ഏകത്വത്തിലും വിശ്വസിക്കുകയും ചെയ്യുന്നതിനോടൊപ്പം നബി(സ) തിരുമേനിയുടെ നുബുവ്വത്തിൽ വിശ്വസിക്കേണ്ടതും നിർബന്ധമാണെന്ന കാര്യത്തിൽ സ്വഹാബത്തിന്റെ (റളിയല്ലാഹുഅൻഹും) കാലം തൊട്ട് നമ്മുടെ ഇക്കാലം വരെയുള്ള എല്ലാ മുസ്ലിം കക്ഷികളും ഏകാഭിപ്രായക്കാരാണെന്ന യാഥാർഥ്യം ചിന്താശക്തി കുറഞ്ഞവരിൽനിന്നുപോലും മറഞ്ഞതല്ല. വിശുദ്ധഖുർആനിൽ വിവരിക്കപ്പെട്ടതും രേഖപ്പെട്ടതുമായ എല്ലാ കാര്യങ്ങളിലും വിശ്വസിച്ചേപറ്റൂ. പ്രാരംഭകാലം മുതൽ മുസ്ലിംകൾക്ക് മനസ്സിലാക്കിക്കൊടുത്തുവരുന്ന ഒരു കാര്യമാണിത്. ഇതിൽ അടിയുറച്ചു വിശ്വസിച്ചുവെന്ന കാരണത്താൽ സ്വഹാബത്തിന് (റളിയല്ലാഹുഅൻഹും) അതായത് നബി തിരുമേനിയുടെ പ്രിയങ്കരരായ സഹാചാരികൾക്ക് തങ്ങളുടെ ജീവൻ ബലിയർപ്പിക്കേണ്ടിവന്നു. ശത്രുക്കൾ തട്ടിക്കൊണ്ടുപോയ സത്യവാന്മാരായ മുസ്ലിംകളോട് നബി(സ) തിരുമേനിയെ തള്ളിപ്പറയാനും തങ്ങളുടെ കൂടെ തിരിച്ചുവരാനും അവിശ്വാസികൾ നിരന്തരം ആവശ്യപ്പെട്ടുകൊണ്ടിരുന്നു. എന്നാൽ, നബി തിരുമേനിയെ തള്ളിപ്പറയാൻ അവർ തയ്യാറായില്ല. എന്നുമാത്രമല്ല ആ വഴിയിൽ തങ്ങളുടെ ജീവൻ സമർപണം ചെയ്തു. ഈ സംഭവം പ്രസിദ്ധമാണ്. എത്രത്തോളമെന്നാൽ, ഇസ്ലാമിക ചരിത്രവുമായി അല്പമാത്ര ബന്ധമുള്ള ഒരാൾക്കുപോലും നാം ഇപ്പറയുന്ന കാര്യം നിഷേധിക്കാൻ സാധ്യമല്ല.

---

*നബിമാരെ നിഷേധിക്കുന്നവർക്കും അവരുടെ കഠിനവിരോധികൾക്കും തങ്ങളുടെ സാങ്കല്പികമായ ഏകദൈവ വിശ്വാസത്താൽ മോക്ഷം പ്രാപിക്കാമെന്നുള്ളത് വാസ്തവമാണെങ്കിൽ ആ അവിശ്വാസികൾക്ക് പുനരുഥാനനാളിൽ എന്തെങ്കിലും ശിക്ഷ കിട്ടുന്നതിനു പകരം നബിമാർ തന്നെയായിരിക്കും ഒരു തരം ശിക്ഷയിലകപ്പെടുക. തങ്ങളെ കഠിനമായി വിരോധിച്ചവരും നിന്ദിച്ചവരും സ്വർഗത്തിലെ സിംഹാസനത്തിൽ ഇരിക്കുന്നതു കാണുമ്പോൾ, തങ്ങൾക്ക് ലഭിച്ചതുപോലുള്ള അഭ്യുന്നതിയിലും അന്തസ്സിലും അവരെ ദർശിക്കുമ്പോൾ- നിങ്ങൾ നിന്ദിച്ചതുകൊണ്ടും നിഷേധിച്ചതുകൊണ്ടും തങ്ങൾക്കെന്തോടോ നഷ്ടപ്പെട്ടതെന്ന് അപ്പോൾ അവർ നബിമാരോട് ചോദിച്ചുകൂടായ്കയുമില്ല- ആ സ്വർഗത്തിൽ പാർക്കുകയെന്നത് നബിമാർക്ക് കയ്പുള്ളതായിത്തീരും.

(ഹഖീഖത്തുൽ വഹ്യ്, റൂഹാനീ ഖസായിൻ വാള്യം22 പേജ് 111-114)

പ്രിന്റർ & പബ്ലിഷർ ജമീൽ അഹ്മദ് നാസിർ, ഫദ്ലെ ഉമർ പ്രിന്റിംഗ് പ്രസ്സ് ഖാദിയാനിൽ അച്ചടിപ്പിച്ച് ഖാദിയാനിലെ ബദ്ർ പത്ര ഓഫീസിൽ നിന്ന് പ്രസിദ്ധീകരിച്ചത്: പ്രൊപ്രൈറ്റർ നിഗ്രാൻ ബദ്ർ ബോർഡ്,ഖാദിയാൻ

# ഖിലാഫത്തിന്റെ ആവശ്യകതയും പ്രാധാന്യവും-3

**മൗലാനാ ഗുലാം നബി സാഹിബ് നിയാസ്**
**മുൻ.മുബല്ലിഗ് ഇൻചാർജ് കശ്മീർ.**

1914 മാർച്ച് 14ന് രണ്ടാം ശക്തിപ്രഭാവത്തിന്റെ-ഖിലാഫത്തിന്റെ രണ്ടാമത്തെ പ്രതീകം ഹദ്റത്ത് മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ്(റ)ഖലീഫയായി തിരഞ്ഞെടുക്കപ്പെട്ടു. തന്റെ 52 വർഷത്തെ വിജയകരവും സുദീർഘവുമായ ഖിലാഫത്തിനു ശേഷം 1965 നവംബർ ഏഴിനും എട്ടിനുമിടയ്ക്കുള്ള രാത്രി ആ മഹാത്മാവ് മരണത്തിന്റെ വിളിക്ക് ലബ്ബൈക്ക് പറഞ്ഞു. അല്ലാഹു അദ്ദേഹത്തിന്റെ ദർജകൾ ഉയർത്തുമാറാകട്ടെ.

1965 നവംബർ 9ന് രണ്ടാം ശക്തി പ്രഭാവത്തിന്റെ മൂന്നാമത്തെ പ്രതീകം ഹദ്റത്ത് ഹാഫിള് മിർസാ നാസിർ അഹ്മദ് സാഹിബ് ഖിലാഫത്ത് സ്ഥാനത്ത് അവരോധിതനായി. അദ്ദേഹം 1982 ജൂൺ 8നും 9നും ഇടയ്ക്കുള്ള രാത്രി ഇഹലോക വാസം വെടിഞ്ഞു. അല്ലാഹു അദ്ദേഹത്തെ ഇഷ്ടപ്പെടുമാറാകട്ടെ.

1982 ജൂൺ 10ന് ഹദ്റത്ത് മിർസാ ത്വാഹിർ അഹ്മദ് സാഹിബ് രണ്ടാംശക്തി പ്രഭാവത്തിന്റെ 4-ാമത്തെ പ്രതീകമായി. പ്രൗഢോജ്ജ്വലമായ തന്റെ കാലഘട്ടത്തെ പൂർത്തിയാക്കി 2003 ഏപ്രിൽ 19ന് ആ മഹാത്മാവും ദൈവസന്നിധിയിൽ ഹാജരായി. *അല്ലാഹുമ്മർഹംഹു വഗ്ഫിർലഹൂ വ അദ്ഖുൽഹുൽ ജന്നത്ത*

**രണ്ടാം ശക്തിപ്രഭാവത്തിന്റെ**
**5-ാമത്തെ പ്രതീകം:**

രണ്ടാം ശക്തിപ്രഭാവത്തിന്റെ 5-ാമത്തെ പ്രതീകമായ സയ്യിദുനാ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് സാഹിബ് 2003 ഏപ്രിൽ 22നാണ് ഖലീഫയായി തിരഞ്ഞെടുക്കപ്പെട്ടത്. *അല്ലാഹുമ്മ മത്തിഅ്നാ ബി തൂലി ഹയാത്തിഹി വ ഖിയാദത്തിഹി വ അയ്യിദഹൂ ബി നസ്രിക്കൽ അസീസ്*

അൽഹംദുലില്ലാഹ് ഖിലാഫത്തിന്റെ തണലിൽ അഹ്മദിയ്യാ ജമാഅത്ത് ഇസ്‌ലാമിക പ്രബോധനമെന്ന സുപ്രധാന പ്രവർത്തനം നടത്തിക്കൊണ്ടിരിക്കുന്നു. അല്ലാഹു ഇസ്‌ലാമിന് അസാധാരണമായ മഹത്ത്വവും നല്കിക്കൊണ്ടിരിക്കുന്നു. ഒരു ക്രിസ്തീയ എഴുത്തുകാരനായ ഹർബട്ട് ഗോഡ്സ് ശാരിക് തന്റെ Welt bewegendl Macht Islam എന്ന ഗ്രന്ഥത്തിൽ എഴുതുന്നു:

"ലോകത്ത് ഇസ്‌ലാമിന്റെ ആഗോള സാഹോദര്യബന്ധം ആദ്യമായി വെളിപ്പെട്ടത് മുഹമ്മദ്(സ) മുഖേന അറേബ്യൻ ഗോത്രങ്ങൾ സംഘടിച്ചപ്പോഴായിരുന്നു. 7-ാം നൂറ്റാണ്ടിൽ ഉമർ(റ)ലോകം കീഴടക്കാനുള്ള നടപടി തുടങ്ങി. ഈ ശക്തിയുടെ കഠിനമായ സമ്മർദ്ദം കുരിശുയുദ്ധങ്ങളിലും പിന്നീട് 1683ൽ വിയാനായുടെ മുന്നിലും പ്രകടമായി. ഇന്ന് ഇസ്‌ലാം വിശ്വാസപ്രചാരണത്തിനുവേണ്ടി വാൾ ഉപയോഗിക്കുന്നില്ല. വിശുദ്ധ യുദ്ധത്തിന്റെ നിലപാട് വെറും മറ്റു കോളനിവൽക്കരണ ശക്തികളുടെ നേർക്കാണ്. പക്ഷേ, സമാധാനകാംക്ഷികളായ അഹ്മദിയ്യാ ജമാഅത്ത് ഭൂമിയിലെ ഏകദേശം എല്ലാ രാജ്യങ്ങളിലും പ്രബോധനപരമായ നടപടികളിൽ മുഴുകിയിരിക്കുന്നു."

വീണ്ടും എഴുതുന്നു: "പുതിയ ഇസ്‌ലാമിന്റെ ഈ ശാഖ പ്രത്യേക പ്രാധാന്യം വഹിക്കുന്നു. കാരണം ഇപ്പോൾ ഇത് ക്രൈസ്തവലോകത്ത് വേരുപിടിച്ച് വരികയാണ്. ക്രിസ്ത്യാനികളെ ഇസ്‌ലാമിക വൃത്തത്തിൽ വലിച്ചു കൊണ്ടുവരുന്നതിന് ശക്തമായ പ്രബോധനധർമം ചെയ്തു കൊണ്ടിരിക്കുന്ന ജമാഅത്താണിത്. നാം ഇതിനു മുമ്പേ മുസ്‌ലീംകളിൽ, ക്രൈസ്തവ മതത്തിന്റെ പ്രബോധനത്തിൽവരുന്ന ബുദ്ധിമുട്ടുകളെ കുറിച്ച് പറഞ്ഞിരുന്നു. ഇപ്പോൾ ഈ ജമാഅത്തിന്റെ പ്രബോധനപരമായ പ്രവർത്തനത്തിനുള്ള ഉന്നം ക്രൈസ്തവമതം തന്നെയായിത്തീർന്നിരിക്കുന്നു. ഈ ജമാഅത്ത് യൂറോപ്പ്, അമേരിക്ക, ആഫ്രിക്ക, ഏഷ്യാ, ആസ്ത്രേലിയായിലെ ഏകദേശം എല്ലാ വൻപട്ടണങ്ങളിലും മിഷൻ സ്ഥാപിച്ചു കൊണ്ട് ക്രൈസ്തവലോകത്ത് ഒരു വിള്ളൽ-അതുചെറുതാണെങ്കിലും-ഉണ്ടാക്കിയിരിക്കുന്നു. ആകർഷണീയമായ പ്രചാരണ വ്യവസ്ഥിതി ഉൾക്കൊള്ളുന്നതാണ് ഈ ജമാഅത്ത്. പ്രസംഗങ്ങൾ സംഘടിപ്പിക്കുന്നു. പത്രങ്ങൾപ്രസിദ്ധീകരിക്കുന്നു. തങ്ങളുടെ ചിന്താഗതികളുടെ പ്രചാരണത്തിനായി റേഡിയോ സ്റ്റേഷനുകൾ ഉപയോഗിക്കുന്നു."(മിർസാ മുബാറക് അഹ്മദ് സാഹിബ് 1967ലെ ജൽസസാലാനയിൽ ചെയ്ത പ്രസംഗത്തിൽനിന്ന്)

ഇത് ഖിലാഫത്തിന്റെ അനുഗ്രഹംതന്നെയാണ്. റേഡിയോ മാറ്റിനിറുത്തുക. ഇപ്പോൾ ജമാഅത്തിന് ശക്തമായൊരു ടെലിവിഷൻ ചാനൽ-MTA മുസ്‌ലിം ടെലിവിഷൻ അഹ്മദിയ്യ-സ്ഥാപിക്കാനും സൗഭാഗ്യം ലഭിച്ചിരിക്കുന്നു. ഈ ചാനലിലൂടെ 24 മണിക്കൂറും ഏകനായ അല്ലാഹുവിന്റെ മഹത്ത്വവും നബി(സ)തിരുമേനിയുടെ സത്യസാക്ഷ്യവും പ്രവാചകത്വവും പ്രകടമായിക്കൊണ്ടിരിക്കുന്നു. പ്രകടമായിക്കൊണ്ടിരിക്കുകയും ചെയ്യും. ഇൻശാ അല്ലാഹ്. ഇസ്‌ലാമിയ-അഹ്മദിയ്യ സത്യഖിലാഫത്തിന്റെ ഈ പുനരുദ്ധാന കാലഘട്ടത്തിൽ ഇൻശാഅല്ലാഹ് ഇസ്‌ലാം വിജയിക്കുകതന്നെ ചെയ്യും. ലോകത്തെ ഒരു ശക്തിക്കും ഇപ്പോൾ ഈ ദൈവവിധിയെ തടുത്തുനിറുത്താൻ സാധിക്കുകയില്ല. ഭൂമിയും ആകാശവും അഹ്മദിയ്യാ ലോകവും സാക്ഷിയാണ്-അഹ്മദിയ്യാ ജമാഅത്തിനെ ഉന്മൂലനം ചെയ്യുന്നതിന് മൗലവിമാർ എന്തായാലും പ്രവർത്തിക്കുന്നുണ്ട്. ഭരണകൂടങ്ങളും തങ്ങളുടെ ഖജനാവുകളുടെ കവാടം തുറന്നിട്ടുകൊടുത്തിരിക്കുകയാണ്. പക്ഷേ, അല്ലാഹുവിന്റ വിധി അവയെ എല്ലാം പരാജയപ്പെടുത്തി. 1908, 1914, 1934, 1939, 1953, 1965, 1974, 1982, 1984 ൽ ഉണ്ടായ അവസ്ഥകളെ മാറ്റിയവനും ഭയാനകമായ കൊടുങ്കാറ്റിനെ സമാധാനത്തിൽ ആക്കിയവനുമായ അതേ യഥാർഥ യജമാനനായ അല്ലാഹുവാണ് എന്നെന്നും ജമാഅത്തിനെ സംരക്ഷിച്ചത്. തുടർന്നും കാത്തുസംരക്ഷിച്ചുകൊണ്ടിരിക്കും. അങ്ങനെ സംഭവിക്കേണ്ടത് അനിവാര്യമായിരുന്നു. കാരണം ഇപ്പോൾ ഇസ്‌ലാമിന്റെ ദൈവം, ഈ മതം വ്യാപിക്കണമെന്നും വിജയിക്കണമെന്നും തീരുമാനിച്ചിരിക്കുകയാണ്. ഹദ്റത്ത് സയ്യിദ് മുഹമ്മദു ഇസ്മായീൽ സാഹിബ് ശഹീദിന്റെ(റഹ്)നിർദേശം എന്റെ മുമ്പിലുണ്ട്. അതിൽ അദ്ദേഹം പറയുന്നു: "ദീനിന്റെ തുടക്കം പ്രകടമായത് ഇസ്‌ലാമിന്റെ പ്രവാചകന്റെ കാലഘട്ടത്തിലാണ്. അതിന്റെ സമ്പൂർത്തീകരണം ഹദ്റത്ത് മഹ്ദി(അ)ന്റെ കൈയാൽ നടക്കുന്നതാണ്"(മൻസബെ ഇമാമത്ത് പേജ് 76)

ഹദ്റത്ത് മുഹമ്മദു മുസ്തഫാ(സ)യുടെ സത്യസന്ധനായ പ്രേമിയുടേയും ദാസന്റേയും കാലഘട്ടമാണിത്. ഇപ്പോൾ അദ്ദേഹത്തിന്റെ അഞ്ചാമത്തെ ഖലീഫ ഖിലാഫത്തിന്റെ സിംഹാസനത്തിന്റെ അനന്തരാവകാശിയായിട്ടുണ്ട്. അദ്ദേഹം അല്ലാഹുവിന്റെ കലിമ ഉയർത്തിപ്പിടിക്കുന്നതിലും ഇസ്‌ലാമിലേക്ക് ജനങ്ങളെ ക്ഷണിക്കുന്നതിലും വ്യാപൃതനായിരിക്കുകയാണ്. അല്ലാഹു അദ്ദേഹത്തിന്റെ ആയുസ്സിലും ആരോഗ്യത്തിലും അനുഗ്രഹം നല്കുമാറാകട്ടെ. ഇസ്‌ലാമിന്റെ സമ്പൂർത്തീകരണത്തിന്റെ കാലഘട്ടമാണിത്. ദൈവികമായ ഈ വ്യവസ്ഥിതിയുമായി ബന്ധപ്പെട്ട് ദീനീസേവനത്തിന് അരമുറുക്കി ഇറങ്ങിയിരിക്കുന്ന മുസൽമാൻ ഭാഗ്യവാനാണ്. ഹദ്റത്ത് മഹ്ദി ഇമാം (അ)പറയുന്നു:

അബ് ഇസീ ഗുൽശൻ മെ ലോഗോ!
റാഹത് വ ആരാമ് ഹെ
വഖ്ത് ഹെ അബ് ജൽദ് ആവോ
ഏ ആവാരഗാനെ ദശ്ത വ ഖ്വാർ

(ഈ പൂന്തോട്ടത്തിലാണ് ജനങ്ങളേ! സുഖവും സൗഖ്യവുമുള്ളത്. ഇനിയും സമയുമുണ്ട്. മുൾക്കാടുകളിൽ അലഞ്ഞുനടക്കുന്നവരേ! അതുകൊണ്ട് പെട്ടെന്ന് വരിക.)

ഇന്ന് ഇസ്‌ലാമിക ലോകത്തിന്റെ ദുരന്താവസ്ഥ ആരിൽനിന്നും മറഞ്ഞതല്ല. വിവിധ സംഘങ്ങൾ അവരവരുടെ രാഗങ്ങൾ പ്രത്യേകം പ്രത്യേകം പാടിക്കൊണ്ടിരിക്കുകയാണ്.

രാഗ് വൊ ഗാത്താ ഹെ
ജിസ് കൊ ആസ്മാൻ ഗാത്താ നഹി

ആകാശം പാടാത്ത പാട്ടാണ് അവർ പാടുന്നത്.

ദൈവികമായ രാഗം ഖിലാഫത്ത് വ്യവസ്ഥിതിയുടെ സംസ്ഥാപനമാണ്. ഈ ദൈവിക വ്യവസ്ഥിതിയുടെ ആവശ്യകതയേയും പ്രാധാന്യത്തേയും ഇസ്‌ലാമിലെ ബുദ്ധിമതികൾ ശരിക്കും അനുഭവിച്ചുകൊണ്ടിരിക്കുന്നു. ഇപ്പോൾ എന്റെ മുമ്പിലിരിക്കുന്നത് ഡൽഹിയിലെ മില്ലി പ്രസാധകർ അച്ചടിച്ച ഒരു ലഘുലേഖയാണ്. അതിന്റെ 6,7 പേജുകളിൽ എഴുതുന്നു:

ഇസ്‌ലാമിക വിശ്വാസങ്ങളനുസരിച്ച് മുസ്‌ലീംകളായിരിക്കുന്നതിന് ഖലീഫയെ അനുസരിക്കേണ്ടതിന്റെ ബയ്അത്ത്(അനുസരണപ്രതിജ്ഞ)ഉണ്ടായിരിക്കേണ്ടത് നിർബന്ധമാണെന്ന് നിങ്ങൾ അറിഞ്ഞിരിക്കേണ്ടതാണ്. ഒരേ സമയത്ത് ഉമ്മത്തിൽ രണ്ടു അമീർമാർ ഉണ്ടാകാവതല്ലെന്ന കാര്യവും പണ്ഡിതന്മാർക്ക് അറിയാം. ഉമ്മത്തിന്റെ ശക്തിയുടെ ഉറവിടം എന്നു പറയുന്നത് ഒരു ഖലീഫയുടെ ആംഗ്യത്തിൽ പ്രവർത്തിക്കുക എന്നതാണ്. ഇന്നുണ്ടായിരിക്കുന്ന ദുരന്തമെന്താണെന്നുവച്ചാൽ ഏതൊന്നിന്റെ ചുറ്റിലാണോ മുഴുവൻ ഉമ്മത്തും ചലിച്ചുകൊണ്ടിരിക്കേണ്ടത് ആ കേന്ദ്രവും അച്ചുതണ്ടും നമ്മുടെ ഇടയിൽനിന്ന് കളഞ്ഞുപോയിരിക്കുന്നു. സംഘടിതമായ നമ്മുടെ പരിശ്രമങ്ങൾ പ്രയോജനപ്പെടാത്തതിനുകാരണം തീരുമാനമെടുക്കേണ്ട ഘട്ടം വരുമ്പോൾ നിരവധി അമീറുമാരും ധാരാളം നേതാക്കളും തലപൊക്കി രംഗത്തു വരുന്നുവെന്നതാണ്. ഈ ഛിദ്രതയിൽനിന്ന് ഉമ്മത്തിനെ രക്ഷിക്കാൻ ഖിലാഫത്തിനുമാത്രമേ കഴിയൂ. കാരണം ഖലീഫയുടെ കല്പനയെ അനുസരിക്കാൻ മുസ്‌ലീംകൾ മതപരമായ നിലയിൽ ബാധ്യസ്ഥരാണ്. വിശുദ്ധ ഖുർആനിൽ അല്ലാഹുവിനും അവന്റെ റസൂലിനും ശേഷം കാര്യസ്ഥന്മാരെ അനുസരിക്കാനും കല്പിച്ചിരിക്കുന്നു. ഇന്ന് ഉമ്മത്തിന്റെ ഈ നിരാലംബത ഓർത്ത് ഗതിമുട്ടിയിട്ടുള്ളവർ ക്ഷണത്തിൽ ഉമ്മത്തിന്റെ കേന്ദ്രവും അച്ചുതണ്ടും അന്വേഷിച്ച് കണ്ടെത്തേണ്ടതാണ്; വളരെ ബുദ്ധിമുട്ടും ജീവൻ വകവെക്കാതെയുള്ള അധ്വാനവും ആണെങ്കിൽത്തന്നെയും. ഇക്കാലത്തെ പരിതഃസ്ഥിതിയിൽ വളരെ കുറച്ചാളുകൾ മാത്രമേ ഇതു കർമാർഹമായി മനസ്സിലാക്കുകയുള്ളുവെന്ന് വന്നേക്കാം. പക്ഷേ, ഇത് അടിസ്ഥാനപരമായ പ്രാധാന്യമുള്ളതാണ്. വെറും ബുദ്ധിമുട്ടു കൊണ്ടുമാത്രം നമുക്കതിനെ പിന്തള്ളിക്കളയാൻ പറ്റുകയില്ല.'

ശേഷം പേജ് 7ൽ

# ഖുത്ബ ജുമുഅ

**അനാദികാലം മുതലേ ശയ്ത്വാൻ മനുഷ്യന്റെ ശത്രുവാണ്. എന്നെന്നും ശത്രുവായിരിക്കുകയും ചെയ്യും. തുറന്ന നിലയിൽ നേരിൽവന്ന് പോരാടുന്ന ശത്രുതയല്ല ശയ്ത്വാന്റേത്. അവൻ വിവിധ കുടിലതന്ത്രങ്ങളും ഒഴികഴിവുകളും ചതികളും വഞ്ചനകളുംകൊണ്ട് ഭൗതികമായ അത്യാഗ്രഹങ്ങൾ നല്കി മനുഷ്യന്റെ സ്വാർഥതകളെ പ്രലോഭിപ്പിച്ച് നന്മകളിൽനിന്ന് ദൂരത്തുകൊണ്ടുപോകുകയും തിന്മകളുടെ അടുത്താക്കുകയും ചെയ്യുന്നു. പക്ഷേ, അതിനോടൊപ്പം അല്ലാഹു പ്രവാചകന്മാരെ അയക്കുക എന്ന വ്യവസ്ഥിതി തുടങ്ങിക്കൊണ്ട് മനുഷ്യർക്ക് നന്മകളുടെ വഴിയും പരിഷ്കരണത്തിനുള്ള മാർഗങ്ങളും അവരുടെ ഇഹലോകവും പരലോകവും നന്നാക്കിത്തീർക്കുന്നതിനുള്ള വഴിയും പറഞ്ഞു കൊടുത്തു. ശയ്ത്വാൻ ഒറ്റയടിക്ക് ആക്രമിക്കുകയില്ലെന്ന കാര്യവും നമ്മൾ ഓർത്തിരിക്കേണ്ടതാണ്. അവൻ പതുക്കെപ്പതുക്കെയാണ് ആക്രമണം നടത്തുന്നത്. ഏതെങ്കിലും ഒരു ചെറിയ തിന്മ മനുഷ്യന്റെ മനസ്സിലിട്ട്- ആ ചെറിയ തിന്മ ചെയ്യുന്നതുകൊണ്ട് എന്തു ദോഷമുണ്ടാകാനാണ്, ഇതൊരു വലിയ പാപമൊന്നുമല്ലല്ലോ എന്ന വിചാരം ഉണ്ടാക്കിത്തീർക്കുന്നു. പിന്നീട് ഈ ചെറിയ ചെറിയ തിന്മകൾ വൻപാപങ്ങൾ ചെയ്യാൻ പ്രേരിപ്പിക്കുന്നവയായിത്തീരുന്നു. 'ശയ്ത്വാൻ കളവ്, അക്രമം, വികാരാവേശങ്ങൾ, കൊലപാതകം, വ്യർഥമായ കർമങ്ങൾ, പ്രദർശനപരത, അഹങ്കാരംതുടങ്ങിയവയിലേക്ക് വിളിക്കുകയും ക്ഷണിക്കുകയും ചെയ്യുന്നു. മനുഷ്യൻ തൗബ ചെയ്താൽ, അല്ലാഹുവിനോടു പൊറുക്കലിനെ തേടിയാൽ, അവന്റെ പാപം പൊറുക്കപ്പെടുന്നു. അല്ലാഹു പൊറുക്കുമെന്ന പ്രതീക്ഷ ഉണ്ടാകുന്നു. പക്ഷേ, ശയ്ത്വാൻ അഹങ്കരിച്ചു. അവൻ ശപിക്കപ്പെട്ടവനായി. അഹങ്കാരം ചില ഘട്ടങ്ങളിൽ മനുഷ്യന് മനസ്സിലാകുകയില്ല. അതുകൊണ്ട് വളരെ സൂക്ഷ്മമായ നിലയിൽ ഇക്കാര്യത്തിൽ നമ്മൾ ആത്മപരിശോധന നടത്തേണ്ടതാണ്.' ചില ഘട്ടങ്ങളിൽ ശയ്ത്വാൻ നന്മയുടെ വിചാരങ്ങൾ മനസ്സിലിട്ട് തന്റെ പിന്നാലെ നടത്തുന്നു. ചിലയാളുകൾ ബാഹ്യമായി നോക്കുമ്പോൾ വളരെ നല്ലവരാണെന്ന് തോന്നും. അവർക്കെന്തുകൊണ്ടാണ് ബുദ്ധിമുട്ടുണ്ടായതെന്നും അല്ലെങ്കിൽ നന്മ സമ്പാദുക്കുന്നതിൽനിന്ന് എന്തുകൊണ്ട് പിന്തള്ളപ്പെട്ടുവെന്നും ഓർത്ത് മനുഷ്യൻ അത്ഭുതപ്പെടുന്നു. വാസ്തവത്തിൽ അവരിൽ മറഞ്ഞിരിക്കുന്ന പാപമുണ്ട്. അതാണ് അവന്റെ അവസ്ഥ അവനെ ഇവിടംവരെ എത്തിച്ചിട്ടുള്ളതും. എല്ലാ ഓരോ മനുഷ്യനിലും ഏതെങ്കിലുമൊക്കെ ദോഷത്തിന്റെ ബീജമുണ്ടാകും. അതിന്റെ ശയ്ത്വാനുമുണ്ടാകും. അവനെ കൊല്ലാത്തിടത്തോളം കാര്യം നേടാനൊക്കുകയില്ല. (ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ നിർദേശങ്ങൾ ഉദ്ധരിച്ചുകൊണ്ട് ശയ്ത്വാനിൽനിന്നും അവന്റെ ആക്രമണങ്ങളിൽനിന്നും ദുർബോധനങ്ങളിൽനിന്നും രക്ഷപ്പെടുന്നതിനുള്ള വഴിയിലേക്കുള്ള മാർഗദർശനം)**

**ഖുത്ബ ജുമുഅ സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് അയ്യദഹുല്ലാഹുത്തആല ബിനസ്രിൽ അസീസ്**

**2016 മാർച്ച് 11/ഹി:ശം: 1395 അമാൻ 11**
**മസ്ജിദ് ബയ്ത്തുൽ ഫുത്തൂഹ് ലണ്ടൻ**

أَشْهَدُ أَنْ لَّا إِلٰهَ إِلَّا اللّٰهُ وَحْدَهُ لَا شَرِيكَ لَهُ وَأَشْهَدُ أَنَّ مُحَمَّدًا عَبْدُهُ وَرَسُولُهُ
أَمَّا بَعْدُ فَأَعُوذُ بِاللّٰهِ مِنَ الشَّيْطٰنِ الرَّجِيمِ - بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيمِ
اَلْحَمْدُ لِلّٰهِ رَبِّ الْعَالَمِينَ ـ اَلرَّحْمٰنِ الرَّحِيمِ ـ مٰلِكِ يَوْمِ الدِّينِ ـ اِيَّاكَ نَعْبُدُ وَاِيَّاكَ نَسْتَعِينُ ـ
اِهْدِنَا الصِّرَاطَ الْمُسْتَقِيمَ ـ صِرَاطَ الَّذِينَ اَنْعَمْتَ عَلَيْهِمْ غَيْرِ الْمَغْضُوبِ عَلَيْهِمْ وَلَا الضَّآلِّينَ ـ

يٰٓاَيُّهَا الَّذِينَ اٰمَنُوا لَا تَتَّبِعُوا خُطُوٰتِ الشَّيْطَانِ ـ وَمَنْ يَّتَّبِعْ خُطُوٰتِ الشَّيْطَانِ فَاِنَّهُ يَاْمُرُ بِالْفَحْشَآءِ وَالْمُنْكَرِ ـ وَلَوْلَا فَضْلُ اللّٰهِ عَلَيْكُمْ وَرَحْمَتُهُ مَا زَكٰى مِنْكُمْ مِّنْ اَحَدٍ اَبَدًا وَّلٰكِنَّ اللّٰهَ يُزَكِّيْ مَنْ يَّشَآءُ ـ وَاللّٰهُ سَمِيعٌ عَلِيمٌ ـ (النور:22)

വിശ്വസിച്ചവരേ! ശയ്ത്വാന്റെ ചവിട്ടടികളെ നിങ്ങൾ പിന്തുടർന്ന് പോകരുത്. ഏതൊരാൾ ശയ്ത്വാന്റെ ചവിട്ടടികളെ പിന്തുടരുമോ, ശയ്ത്വാൻ നീചകൃത്യങ്ങളും നിഷിദ്ധകാര്യങ്ങളും കല്പിക്കുന്നു. അല്ലാഹുവിന്റെ അനുഗ്രഹവും അവന്റെ കാരുണ്യവും നിങ്ങൾക്കുണ്ടായിരുന്നില്ലെങ്കിൽ നിങ്ങളിൽനിന്ന് ഒരാളും ഒരിക്കലും പരിശുദ്ധരാകുമായിരുന്നില്ല. പക്ഷേ, അല്ലാഹു ഉദ്ദേശിക്കുന്നവരെ അവൻ പരിശുദ്ധനാക്കുന്നു. അല്ലാഹു വളരെയധികം കേൾക്കുന്നവനും സർവജ്ഞനുമാകുന്നു.(24:22)

അനാദികാലം മുതലേ ശയ്ത്വാൻ മനുഷ്യന്റെ ശത്രുവാണ്. എന്നെന്നും ശത്രുവായിരിക്കുകയും ചെയ്യും. എന്നെന്നും നിലകൊള്ളാനുള്ള എന്തെങ്കിലും ശക്തിയുള്ളതുകൊണ്ടല്ല അവൻ നിലനില്ക്കുന്നത്. മറിച്ച് മനുഷ്യൻ സൃഷ്ടിക്കപ്പെട്ടപ്പോൾ അല്ലാഹു അവന് സ്വതന്ത്രനായിരിക്കാൻ അധികാരം നലകി. കാരണം തന്റെ ദാസർ അവന്റെ ആക്രമണത്തിൽനിന്ന് സുരക്ഷിതരായിരിക്കുമെന്ന് അല്ലാഹുവിന്നറിയാമായിരുന്നു. ശയ്ത്വാന്റെ ഈ ശത്രുത നേരിൽവന്ന് തുറന്ന നിലയിൽ പോരാടുന്ന ശത്രുതയല്ല. അവൻ വിവിധ കുടിലതന്ത്രങ്ങളും ഒഴികഴിവുകളും ചതികളും വഞ്ചനകളുംകൊണ്ട് ഭൗതികമായ അത്യാഗ്രഹങ്ങൾ നല്കി മനുഷ്യന്റെ അഹങ്കാരങ്ങളെ പ്രലോഭിപ്പിച്ച് നന്മകളിൽനിന്ന് ദൂരത്തുകൊണ്ടുപോകുകയും തിന്മകളുടെ അടുത്താക്കുകയും ചെയ്യുന്നു. ഏതൊരു പ്രകൃതിയോടുകൂടിയാണോ നീ മനുഷ്യനെ സൃഷ്ടിച്ചത്, ഏതൊരു രീതിയിലാണോ അവന്റെ പ്രകൃതിയുള്ളത്-അതായത് ഇരുഭാഗത്തേക്കും തിരിക്കാൻ പറ്റിയ പ്രകൃതി-അവനെ താൻ തന്റെ പിന്നാലെ നടത്തിക്കുമെന്ന് ശയ്ത്വാൻ അല്ലാഹുവിനോടു പറഞ്ഞിരുന്നു. കാരണം തിന്മകളിലേക്കാണ് മനുഷ്യന് കൂടുതൽ ആഭിമുഖ്യമുള്ളത്. നീ എനിക്ക് അനുവാദം തന്നാൽ ഞാൻ അവന്റെമേൽ എല്ലാ വഴികളിലൂടേയും ആക്രമണം നടത്തുന്നതാണ്. എല്ലാ വഴിയിലുമിരുന്ന് അവനെ തെറ്റിക്കുന്നതാണ്; നിന്റെ യഥാർഥ ദാസരൊഴികെ! ആത്മാർഥരായ നിന്റെ ദാസരൊഴികെ! അവർ എന്റെ ആക്രമണത്തിൽനിന്ന് രക്ഷപ്പെടും. അവരുടെമേൽ എന്റെ ഒരു ചതി

യും ആക്രമണവും വിലപ്പോകില്ല. അവർക്കുപുറമെ ഭൂരിപക്ഷവും എന്റെ പിന്നാലെ നടക്കുന്നതാണ്. അങ്ങനെ അല്ലാഹു അവന് അനുവാദം നല്കി. അതിനോടൊപ്പം 'നിന്റെ പിന്നാലെ നടക്കുന്നവരെ ഞാൻ നരകത്തിൽ ഇടുന്നതാണെന്നും' അല്ലാഹു പറഞ്ഞു.

പക്ഷേ, അതോടുകൂടിത്തന്നെ അല്ലാഹു പ്രവാചകന്മാരെ അയക്കുക എന്ന വ്യവസ്ഥിതി തുടങ്ങിക്കൊണ്ട് മനുഷ്യർക്ക് നന്മകളുടെ വഴിയും പരിഷ്കരണത്തിനുള്ള മാർഗങ്ങളും അവരുടെ ഇഹലോകവും പരലോകവും നന്നാക്കിത്തീർക്കുന്നതിനുള്ള വഴിയും പറഞ്ഞു കൊടുത്തു. ശയ്ത്വാൻ നിന്റെ പ്രത്യക്ഷ ശത്രുവാണെന്ന് വ്യക്തമാക്കുകയും ചെയ്തു. സഹാനുഭൂതിയുടെ വസ്ത്രത്തിൽ നിങ്ങൾക്ക് മെച്ചമോ ഫലമോ ഉണ്ടാകുന്നതിലേക്കല്ല മറിച്ച് തിന്മയിലേക്കും നഷ്ടത്തിലേക്കുമാണ് അവൻ നിങ്ങളെ വിളിച്ചുകൊണ്ടിരിക്കുന്നത്. മനുഷ്യന്റെ കണക്കെടുക്കുന്ന സമയം വരുമ്പോൾ വളരെ ആശ്വാസത്തോടും വളരെ ശാഠ്യത്തോടെയും പറയുന്നതായിരിക്കും: ഞാൻ നിന്നെ തിന്മയിലേക്ക്, അത്യാഗ്രഹത്തിലേക്ക്, പാപങ്ങൾ ചെയ്യുന്നതിലേക്ക്, അല്ലാഹുവിന്റെ കല്പനകൾ ലംഘിക്കുന്നതിലേക്ക് വിളിച്ചിരുന്നു, നീ ബുദ്ധിയുള്ള മനുഷ്യനായിരുന്നിട്ടും എന്തുകൊണ്ട് നിന്റെ ബുദ്ധി ഉപയോഗിച്ചില്ല? എന്തുകൊണ്ട് എന്റെ തിന്മയുടെ വിളിക്ക് അല്ലാഹുവിന്റെ നന്മയുടെ വിളിയുടെമേൽ മുൻഗണന നല്കി? അതുകൊണ്ട് ഇപ്പോൾ ചെയ്ത കുറ്റത്തിന് ശിക്ഷ അനുഭവിച്ചുകൊള്ളുക. എനിക്ക് ഇനി നീയുമായിട്ട് ഒരു ബന്ധവുമില്ല. നിന്നോടു ശത്രുത പുലർത്തുക എന്നതായിരുന്നു എന്റെ ഉദ്ദേശ്യം. അതു ഞാൻ നേടി. ഇനി നരകത്തിലെ തീ കുണ്ഡത്തിൽ പൊയ്ക്കൊള്ളുക. ഇങ്ങനെയാണ് ശയ്ത്വാൻ മനുഷ്യനോടു ശത്രുത പുലർത്തുന്നത്.

വിശുദ്ധ ഖുർആനിലും വിവിധ സ്ഥലങ്ങളിൽ അല്ലാഹു നമ്മെ ശയ്ത്വാന്റെ ആക്രമണങ്ങളിൽനിന്നും കുടിലതന്ത്രങ്ങളിൽനിന്നും ചതികളിൽനിന്നും ജാഗ്രതപ്പെടുത്തിയിരിക്കുന്നു. ഞാൻ പാരായണം ചെയ്ത ആയത്തിലും ശയ്ത്വാൻ എപ്പോഴും മനുഷ്യന്റെ പിന്നാലെ നടക്കുന്നു എന്നാണ് അല്ലാഹു പറഞ്ഞിരിക്കുന്നത്. ഞാൻ അവന്റെ വലത്തുനിന്നും ഇടത്തുനിന്നും മുന്നിൽനിന്നും പിന്നിൽനിന്നും ആക്രമണം നടത്തുമെന്ന് പറഞ്ഞ സ്ഥിതിയ്ക്ക് അവൻ വളരെ തന്മയത്തത്തോടെ ഈ ആക്രമണം നടത്തേണ്ടതുണ്ടായിരുന്നു. ആക്രമണം നടത്തുകയും ചെയ്യുന്നു. താൻ നേരായ മാർഗത്തിലിരുന്നുകൊണ്ട് മനുഷ്യന്റെമേൽ ആക്രമണം നടത്തുമെന്നും ശയ്ത്വാൻ പറഞ്ഞിരുന്നു. ഇപ്പോൾ ഒരാൾ താൻ നേരായ പാതയിൽ നടന്നുകൊണ്ടിരിക്കുന്നുവെന്നും ശയ്ത്വാന്റെ ആക്രമണത്തിൽനിന്ന് രക്ഷപ്പെട്ടുവെന്നും മനസ്സിലാക്കുന്നു. പക്ഷേ, ഇത്തരം വിചാരം അത്തരക്കാരന്റെ തെറ്റായ ധാരണയാണ്. ആരിലാണോ അല്ലാഹുവിന്റെ കോപമുണ്ടായത്, വഴിപിഴച്ചവരായത്, അവരും ആദ്യം നേരായപാതയിൽ നടക്കുന്നവരായിരുന്നു. അവരും ഹദ്റത്ത് മൂസായെ വിശ്വസിച്ചവരായിരുന്നു. പിന്നീട് ഹദ്റത്ത് ഈസാ(അ)യേയും വിശ്വസിച്ചവരായിരുന്നു. പക്ഷേ, വഴികേടിലും സൃഷ്ടിപൂജയിലും അകപ്പെട്ടുപോയി. നബി(സ) തിരുമേനിയെ നിഷേധിക്കുന്നവരായിത്തീർന്നു. മനുഷ്യൻ വിശ്വാസംകൊള്ളുമ്പോഴും ശയ്ത്വാൻ അവന്റെ പിന്നിൽനിന്ന് മാറുകയില്ലെന്നും അവനെ വഴിപിഴപ്പിക്കുമെന്നും അല്ലാഹു പറയുന്നു. ധാരാളമാളുകൾ അവന്റെ ചതിയിൽപ്പെട്ട്, അവന്റെ വാക്കുകളിൽ കുടുങ്ങി വഴിപിഴച്ചുപോകുന്നു. എത്രത്തോളമെന്നാൽ മുസ്‌ലീംകളെന്ന് പറയുന്നവരും മതപരിത്യാഗികളും ആജ്ഞാലംഘകരുമായിത്തീരുന്നു. അതുകൊണ്ട് ശയ്ത്വാനിൽനിന്നുണ്ടാകുന്ന വിപത്ത് വളരെ വലിയ വിപത്താണ്. ഈ വലിയ വിപത്തിൽനിന്ന് രക്ഷിക്കാൻ കഴിയുന്നതും രക്ഷിക്കുന്നതും അല്ലാഹുവിന്റെ പ്രത്യേക അനുഗ്രഹം മാത്രമാണ്.

അല്ലാഹു ആ ആയത്തിന്റെ അവസാനം അല്ലാഹു സമീഅ്ആണ്, കേൾക്കുന്നവനാണെന്ന് പറഞ്ഞ് സത്യവിശ്വാസികളെ സമാധാനപ്പെടുത്തുകയും ചെയ്തിരിക്കുന്നു. അവന്റെ വാതിൽക്കൽ മുട്ടുകയും സ്ഥിരമായ നിലയിൽ അവനെ വിളിച്ചുകൊണ്ടിരിക്കുകയും പതിവായി ദുആ ചെയ്തുകൊണ്ടിരിക്കുകയും കരഞ്ഞുകൊണ്ടിരിക്കുകയും ചെയ്താൽ അവൻ തന്റെ ദാസരുടെ അവസ്ഥ അറിയുന്നവനാണ്. അങ്ങനെ തന്റെ ദാസൻ തന്നെ ആത്മാർഥമായാണ് വിളിക്കുന്നതെന്ന് കാണുമ്പോൾ ശയ്ത്വാന്റെ ആക്രമണങ്ങളിൽനിന്ന് രക്ഷപ്പെടാനുള്ള ഈമാനികശക്തി അവനിലുണ്ടാക്കുകയും അങ്ങനെ അവൻ ശയ്ത്വാന്റെ ആക്രമണങ്ങളിൽനിന്ന് സുരക്ഷിതനായിരിക്കുകയും ചെയ്യും. നന്മകളുടെ നിലവാരം ഉന്നതിയിൽനിന്ന് ഉന്നതിയിലേക്ക് ഉയർത്താൻ തൗഫീഖും കിട്ടുന്നതാണ്. തിന്മകളിൽനിന്ന് രക്ഷപ്പെടാനുള്ള ശക്തിയും അവനിലുണ്ടാകുന്നതാണ്.

നിന്റെ നിഷ്കളങ്കരായ ദാസരല്ലാത്തവരെല്ലാം തന്റെ പിന്നാലെ നടക്കുമെന്ന് ശയ്ത്വാൻ അല്ലാഹുവിനോട് പറയുമ്പോൾ ബുദ്ധിയുള്ള ഒരുവന് ചിന്തിക്കേണ്ട ആവശ്യമുണ്ട്. നിഷ്കളങ്കരായ ദാസർ എങ്ങനെയാകുമെന്ന് ഒരു യഥാർഥസത്യവിശ്വാസിക്ക് ചിന്തിക്കേണ്ട ആവശ്യമുണ്ട്. ആത്മാർഥരായ ദൈവദാസർ ആകുന്നതിന് ഈ ഖുർആനിക വചനത്തിൽ അല്ലാഹു ഒരു കുറിപ്പടി പറഞ്ഞുതന്നിരിക്കുന്നു. അതായത് അല്ലാഹു ഇഷ്ടപ്പെടാത്തതും നിരർഥവും വ്യർഥവുമായ നീചകൃത്യങ്ങളിനിന്നും നിഷിദ്ധകാര്യങ്ങളിൽനിന്നും നിങ്ങളെ രക്ഷിക്കുക. ആരാണോ നീചകൃത്യങ്ങളിനിന്നും നിഷിദ്ധകാര്യങ്ങളിൽനിന്നും തന്നെ രക്ഷപ്പെടുത്തുന്നത് അല്ലാഹുവിന്റെ കാരുണ്യം അവനെ ശുദ്ധീകരിച്ചെടുക്കുന്നതാണ്. ആരെയാണോ അല്ലാഹു ശുദ്ധീകരിക്കുന്നത് അവൻ പരിശുദ്ധനായിത്തീരുന്നു. അത്തരം പരിശുദ്ധാത്മക്കളുടെ അടുക്കൽ ശയ്ത്വാൻ വരികയില്ല.

ശയ്ത്വാൻ ഒറ്റയടിക്ക് ആക്രമിക്കുകയില്ലെന്ന കാര്യവും നമ്മൾ ഓർത്തിരിക്കേണ്ടതാണ്. അവൻ പതുക്കെപ്പതുക്കെയാണ് ആക്രമണം നടത്തുന്നത്. ഏതെങ്കിലും ഒരു ചെറിയ തിന്മ മനുഷ്യന്റെ മനസ്സിലിട്ട്– ആ ചെറിയ തിന്മ ചെയ്യുന്നതുകൊണ്ട് എന്തു ദോഷമുണ്ടാകാനാണ്, ഇതൊരു വലിയ പാപമൊന്നുമല്ലല്ലോ എന്ന വിചാരം ഉണ്ടാക്കിത്തീർക്കുന്നു. പിന്നീട് ഈ ചെറിയ ചെറിയ തിന്മകൾ വൻപാപങ്ങൾ ചെയ്യാൻ പ്രേരിപ്പിക്കുന്നവയായിത്തീരുന്നു. കൊള്ളയും കൊലയും മാത്രം വൻപാപങ്ങൾ ആയിക്കൊള്ളണമെന്നില്ല. സമൂഹത്തിലെ ശാന്തിയും സമാധാനവും കെടുത്തുന്ന ഏതൊരു തിന്മയും വലിയ തിന്മയായി മാറും. എന്താണ് ചെയ്യുന്നതെന്നുള്ള ബോധം മനുഷ്യനിൽനിന്ന് അപ്രത്യക്ഷമാകുന്നു. അല്ലാഹു പറയുന്നു, പരിശുദ്ധരാകുകയും, അല്ലാഹുവിന്റെ തൃപ്തികരസ്ഥമാക്കുകയും ചെയ്യണമെങ്കിൽ ദൃഢസ്വഭാവിയും തിന്മകളിൽനിന്ന് രക്ഷപ്പെടാൻ ശ്രമിക്കുകയും ചെയ്തുകൊണ്ട് ശയ്ത്വാന്റെ ചവിട്ടടികളിലൂടെ നടക്കുന്നതിൽനിന്ന് രക്ഷപ്പെടണം. അതിനോടൊപ്പം ദൃഢസ്വഭാവി ആയിക്കൊണ്ട് അല്ലാഹുവിന്റെ അഭയത്തിൽവന്ന് പരിശുദ്ധരാകാൻ ശ്രമിക്കേണ്ടതും അനിവാര്യമാണ്. സ്ഥിരമായും ഓരോനിമിഷവും അല്ലാഹുവിനെ വിളിക്കുകയും അവനോട് സഹായം തേടുകയും ചെയ്യേണ്ടതും നിർബന്ധമാണ്. ഇതുകൂടാതെ മനുഷ്യന് ശയ്ത്വാന്റെ ആക്രമണങ്ങളിൽനിന്ന് രക്ഷപ്പെടാൻ സാധിക്കുകയില്ല.

ഇനി ഞാൻ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ചില ഉദ്ധരണികൾ കേൾപ്പിക്കുന്നതാണ്. അല്ലാഹു എന്തിനാണ് ശയ്ത്വാനെ സൃഷ്ടിച്ചതെന്നുള്ള ചോദ്യം ചിലയാളുകളുടെ മനസ്സിൽ ഉണ്ടാകാറുണ്ട്. ആദ്യമെതന്നെ അവന്റെ തെറ്റിനുള്ള ശിക്ഷ കൊടുത്ത് എന്തുകൊണ്ട് അവനെ നശിപ്പിച്ചില്ല? ആദ്യദിവസംതന്നെ ശയ്ത്വാനെ നശിപ്പിച്ചിരുന്നെങ്കിൽ ലോകത്ത് കലഹമുണ്ടാകുമായിരുന്നില്ല. ഇതു സംബന്ധമായി ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഒരു ഉദ്ധരണി സമർപിക്കുകയാണ്: അല്ലാഹു എന്തിനാണ് ശയ്ത്വാനെ സൃഷ്ടിച്ചത്? എന്തുകൊണ്ട് അവനെ ശിക്ഷിച്ചില്ല? അവിടന്ന് ഒരിടത്തു പറഞ്ഞു, അതിന്റെ മറുപടി ഇതാണ്:

'രണ്ട് ആകർഷണ ശക്തിയുണ്ടെന്ന കാര്യം എല്ലാ ഓരോ മനുഷ്യനും അംഗീകരിക്കേണ്ടി വരുന്നു. (അതായത് ആകർഷിക്കപ്പെടുന്ന രണ്ടു കാര്യങ്ങൾ). ഒന്ന് നന്മയുടെആകർഷണം. അത് നന്മയിലേക്ക് അവനെ ആകർഷിക്കുന്നു. രണ്ടാമത്തേത് തിന്മയുടെ ആകർഷണം. അത് തിന്മയിലേക്ക് മനുഷ്യനെ ആകർഷിച്ചുകൊണ്ടുപോകുന്നു. ചില സമയങ്ങളിൽ മനുഷ്യമനസ്സിൽ തിന്മയുടെ വിചാരങ്ങൾ ഉണ്ടാകുന്നുവെന്ന കാര്യം വെളിപ്പെട്ടിട്ടുള്ളതും ബോധ്യപ്പെട്ടിട്ടുള്ളതുമാണ്. ആ സമയം തിന്മയിലേക്ക് ആരോ തന്നെ വലിച്ചടുപ്പിക്കുന്നതുപോലെ അവൻ അതിലേക്ക് ചായുന്നു. പിന്നീട് ചിലനേരങ്ങളിൽ നന്മയുടെ വിചാരങ്ങൾ അവന്റെ മനസ്സിൽ പതിയുന്നു. ആരോ നന്മയിലേക്ക് തന്നെ വലിച്ചടുപ്പിക്കുന്നതുപോലെ അവൻ നന്മയിലേക്ക് ചായുന്നു. ചിലനേരങ്ങളിൽ ഒരുവൻ തിന്മ ചെയ്ത് വീണ്ടും നന്മയിലേക്ക് ചായുന്നു. താൻ എന്തിന് ഈ വൃത്തികെട്ട പ്രവർത്തി ചെയ്തെന്ന് വിചാരിച്ച് ലജ്ജിക്കുന്നു. ചിലപ്പോൾ ഒരാൾ ആരെയെങ്കിലും ചീത്ത വിളിക്കുന്നു. മർദിക്കുന്നു. പിന്നീട് ലജ്ജിക്കുകയും ചെയ്യുന്നു. താൻ ചെയ്തത് മോശപ്പെട്ട കാര്യമാണെന്ന് മനസ്സിൽ പറയുന്നു. അപ്പോൾ ചെയ്യപ്പെട്ടവനോട് എന്തെങ്കിലും നന്മ ചെയ്യുന്നു. അല്ലെങ്കിൽ അവന്റെ അടുത്തുപോയി മാപ്പു ചോദിക്കുന്നു." (തിന്മയുടെ ബോധം അവനുണ്ടാകുന്നു). "ഈ രണ്ടു തരത്തിലുള്ള ശക്തികളും എല്ലാ മനുഷ്യരിലും കാണുന്നു."(അല്ലാഹു ഉണ്ടാക്കിയ മനുഷ്യ പ്രകൃതിയാണിത്). 'ഇസ്‌ലാമിക ശരീഅത്ത് നന്മയുടെ ശക്തിയുടെ പേര് 'ലിമ്മയെ മലക്ക്'എന്നു വച്ചിരിക്കുന്നു. തിന്മയുടെ ശക്തിയുടെ പേര് 'ലിമ്മയെ ശയ്ത്വാൻ' എന്നു വച്ചിരിക്കുന്നു.' അവിടന്ന് പറയുന്നു: 'തത്ത്വജ്ഞാനികൾ ഈ രണ്ടു ശക്തികളും എല്ലാ മനുഷ്യരിലും തീർച്ചയായും ഉണ്ടെന്ന് മാത്രം വിശ്വസിക്കുന്നു.'(അതായത് നന്മയുടെ ശക്തിയും തിന്മയുടെ ശക്തിയും. പക്ഷേ, ഇസ്‌ലാമിക ശരീഅത്ത് നന്മയുടെ ശക്തിയെ 'ലിമ്മയെ മലക്ക്' എന്ന് പേരു നല്കിയിരിക്കുന്നു. തിന്മയുടെ ശക്തിയ്ക്ക് 'ലിമ്മയെ ശയ്ത്വാൻ എന്നു പേരും). അവിടന്ന് പറയുന്നു: 'തത്ത്വജ്ഞാനികൾ ഈ രണ്ടു ശക്തികളും എല്ലാ മനുഷ്യരിലും തീർച്ചയായും ഉണ്ടെന്ന് മാത്രം വിശ്വസിക്കുന്നു. എന്നാൽ, അല്ലാഹു പിന്നിന്റെ പിന്നിലുള്ള രഹസ്യങ്ങൾ വെളിപ്പെടുത്തുന്നു.'(വളരെ അകലത്തുള്ളതും വളരെ മറഞ്ഞിരിക്കുന്നതുമായ കാര്യങ്ങൾ പറയുന്നു)."സൂക്ഷ്മവും മറഞ്ഞിരിക്കുന്നതുമായ കാര്യങ്ങളെ കുറിച്ച് അറിയിക്കുന്നു. അവൻ ഈ രണ്ടു ശക്തികളേയും സൃഷ്ടികളായി നിശ്ചയിച്ചിരിക്കുന്നു. മനസ്സിൽ നന്മയിടുന്നതിന്റെ പേര് മലക്കെന്നും റൂഹുൽഖുദുസെന്നും വച്ചിരിക്കുന്നു. തിന്മയിടുന്നതിന്റെ പേര് ശയ്ത്വാനെന്നും ഇബ്ലീസെന്നും വച്ചിരിക്കുന്നു." പറയുന്നു:"എന്നാൽ, പൗരാണികരായ ബുദ്ധിമാന്മാരും തത്ത്വജ്ഞാനികളും 'ഇൽഖായുടെ മസ്അല'(മനസ്സിലിടപ്പെടുന്ന കാര്യങ്ങൾ)വ്യർഥമോ അനാവശ്യമോ അല്ലെന്ന് അംഗീകരിച്ചിരിക്കുന്നു."

അതായത് ഇക്കാര്യം വ്യർഥമല്ല. ഇത് ഒരു ശരിയായ കാര്യമാണെന്ന് വിശ്വസിക്കുന്നു. മനുഷ്യമനസ്സിൽ തിന്മയുടെ ശക്തിയുമുണ്ടാകുന്നു. അല്ലെങ്കിൽ പ്രചോദനമുണ്ടാകുന്നു. നന്മ ചെയ്യാനുള്ള പ്രചോദനവുമുണ്ടാകുന്നു. ഇതിനെ പിന്നീട് അവിടന്ന് ഇങ്ങനെ വിശദീകരിച്ചു: 'എല്ലാ ഓരോ മനുഷ്യരിലുമുള്ള ഈ രണ്ടു ശക്തികളും നിങ്ങൾ അവയെ രണ്ടു ശക്തികളെന്നു പറഞ്ഞുകൊള്ളുക. അല്ലെങ്കിൽ റൂഹുൽ ഖുദുസ്സെന്നും ശയ്ത്വാനെന്നും പേരുവച്ചുകൊള്ളുക. എന്തായാലും മനുഷ്യനിലുള്ള ഈ രണ്ടവസ്ഥകളെ നിഷേധിക്കാൻ

നിങ്ങൾക്കു സാധിക്കുകയില്ല. മനുഷ്യൻ തന്റെ സൽക്കർമങ്ങൾക്ക് പ്രതിഫലം പറ്റാൻ അർഹനാകുക എന്നതാണ് അവ സൃഷ്ടിക്കാനുള്ള ഉദ്ദേശ്യം. കാരണം മനുഷ്യപ്രകൃതി നിർബന്ധിതനാകുകയും തിന്മ ചെയ്യുന്നതിൽനിന്ന് പ്രകൃത്യാ വെറുപ്പുളളവനാകുകയും ചെയ്താൽ പിന്നീട് ആ അവസ്ഥയിൽ സൽക്കർമത്തിന് ഒരു അണുകിട പോലും പുണ്യം കിട്ടുകയില്ല. കാരണം അപ്പോൾ അത് അവന്റെ പ്രകൃതിയുടെ പ്രത്യേകതയായിമാറുന്നു. പക്ഷേ, അവന്റെ പ്രകൃതി രണ്ട് ആകർഷണത്തിന്റെ ഇടയിലുള്ള അവസ്ഥയിലാകുകയും അവൻ നന്മയുടെ ആകർഷണത്തെ അനുസരിക്കുകയും ചെയ്യുമ്പോൾ അവന് ആ കർമത്തിന്റെ ഫലം കിട്ടുന്നു.'

പറഞ്ഞു, 'മനുഷ്യമനസ്സിൽ രണ്ടു തരത്തിലുള്ള ബോധനങ്ങൾ(ഇൽഖാ)ഉണ്ടാകുന്നു; നന്മ ചെയ്യാനുള്ള ബോധനവും തിന്മ ചെയ്യാനുള്ള ബോധനവും. ഈ രണ്ടു ബോധനങ്ങളും മനുഷ്യസൃഷ്ടിപ്പിന്റെ ഭാഗം ആകാവതല്ല.' (അതായത് ജനനസമയത്ത് ഇത് അവന്റെ ഭാഗമായിരുന്നില്ല).'കാരണം ഇത് പരസ്പരം വിരുദ്ധമാണ്.(പരസ്പരം ഭിന്നിപ്പ് ഉൾക്കൊള്ളുന്നതാണ്. നന്മയും തിന്മയും തമ്മിൽ ഒരിക്കലും ചേർന്നുപോകുകയില്ല. കുട്ടിക്കാലംമുതലേ കുട്ടിയുടെ പ്രകൃതിയിൽ നന്മയും തിന്മയും ഉണ്ടാകുക എന്നത് സംഭാവ്യമല്ല). പറഞ്ഞു: 'ഇത് പരസ്പരം വിരുദ്ധമാണ്. എന്നല്ല മനുഷ്യന് അതിൽ നിയന്ത്രണവുമില്ല. അതുകൊണ്ട് ഈ രണ്ടു ബോധനങ്ങളും(ഇൽഖാ) വെളിയിൽനിന്നാണെന്ന് സ്ഥാപിതമാകുന്നു.(നന്മയും തിന്മയും വെളിയിൽനിന്നാണ് മനുഷ്യനെ സ്വാധീനിക്കുന്നത്. പതുക്കെപ്പതുക്കെ നന്മയിൽ വളരുന്ന കുട്ടികളിലും അല്ലെങ്കിൽ തിന്മയിൽ വളരുന്ന കുട്ടികളിലും വെളിയിൽനിന്നാണ് സ്വാധീനമുണ്ടാകുന്നത്). പറഞ്ഞു: 'മനുഷ്യന്റെ പൂർത്തീകരണം അതുമായി ബന്ധപ്പെട്ടു നില്ക്കുന്നു. അത്ഭുതകരമായ കാര്യം ഈ രണ്ടു തരത്തിലുള്ള അസ്തിത്വവും അതായത് മലക്കിനേയും ശയ്ത്വാനേയും ഹിന്ദുമതഗ്രന്ഥങ്ങളും അംഗീകരിക്കുന്നു എന്നതാണ്. അഗ്നി ആരാധകരും അത് വിശ്വസിക്കുന്നു. എന്നല്ല എത്രത്തോളം ഗ്രന്ഥങ്ങൾ അല്ലാഹുവിൽനിന്ന് വന്നിട്ടുണ്ടോ എല്ലാംതന്നെ ഈ രണ്ടു അസ്തിത്വങ്ങളെ സമ്മതിക്കുന്നു. പിന്നീട് ആക്ഷേപിക്കുക എന്നത് വെറും അജ്ഞതയും പക്ഷാഭേദവുമാണ്. മറുപടിയിൽ ഇതും എഴുതേണ്ടത് അനിവാര്യമാണ്. തിന്മയിൽനിന്നും ദ്രോഹപ്രവർത്തിയിൽനിന്നും പിന്മാറാത്തവൻ സ്വയം ശയ്ത്വാനായിത്തീരുന്നു. മനുഷ്യനും ശയ്ത്വാനായിത്തീരാറുണ്ടെന്ന് അല്ലാഹു ഒരിടത്തു പറഞ്ഞതുപോലെ! പിന്നീടുള്ളത് അല്ലാഹു അവനെ എന്തുകൊണ്ട് ശിക്ഷിക്കുന്നില്ല എന്നതാണ്."(ഇനിയുള്ള ചോദ്യം, അവരങ്ങനെ ആയിത്തീർന്ന സ്ഥിതിക്ക് അത്തരക്കാരെ എന്തുകൊണ്ട് ശിക്ഷിക്കുന്നില്ല എന്ന പ്രശ്നമാണ്)'ഇതിനുള്ള മറുപടി ശയ്ത്വാനെ ശിക്ഷിക്കുന്നതിന് വിശുദ്ധ ഖുർആനിൽ വാഗ്ദാന ദിവസം നിശ്ചയിക്കപ്പെട്ടിരിക്കുന്നുവെന്നതാണ്. അതുകൊണ്ട് ഈ വാഗ്ദാന ദിവസം കാത്തിരിക്കേണ്ടതാണ്." (അല്ലാഹു പറഞ്ഞു, ഞാൻ ശിക്ഷ നല്കുന്നതാണ്. തീർച്ചയായും ശിക്ഷ നല്കുന്നതാണ്. എപ്പോഴാണ്? ഈ ലോകത്ത് അല്ലെങ്കിൽ അടുത്ത ലോകത്ത് എപ്പോഴാണോ ദിവസം നിശ്ചയിക്കപ്പെട്ടിരിക്കുന്നത് അന്ന് അവനെ ശിക്ഷിക്കുന്നതാണ്). 'ഒരുപാട് ശയ്ത്വാന്മാർ അല്ലാഹുവിന്റെ കൈയിൽനിന്ന് ശിക്ഷ പറ്റിക്കഴിഞ്ഞിരിക്കുന്നു. ഇനി ശിക്ഷ പറ്റാനുമുണ്ട്."(ചശ്മയെ മഅ്രിഫത്ത് റൂഹാനീ ഖസായിൻ വാല്യം 23 പേജ് 293-294)

ഏതേതെല്ലാം കാര്യങ്ങളിലേക്കാണ് ശയ്ത്വാൻ വിളിക്കുന്നതെന്ന് വിവരിച്ചുകൊണ്ട് ഹദ്റത്ത് മസീഹ് മൗഊദ്(അ)പറയുന്നു. എത്തരത്തിലുള്ള മനുഷ്യനാണ് ശയ്ത്വാന്റെ ചവിട്ടടികളിലൂടെ നടക്കുന്നത്? ഏതുകാര്യങ്ങൾ കരസ്ഥമാക്കിയാലാണ് മനുഷ്യൻ ശയ്ത്വാന്റെ ചിവിട്ടടികളിൽനിന്ന് രക്ഷപ്പെടുന്നത്? ഇതുസംബന്ധമായി ഹദ്റത്ത് മസീഹ് മൗഊദ്(അ)പറയുന്നു:

'ശയ്ത്വാൻ കളവ്, അക്രമം, വികാരാവേശങ്ങൾ, കൊലപാതകം, വ്യർഥമായ കർമങ്ങൾ, പ്രദർശനപരത, അഹങ്കാരം തുടങ്ങിയവയിലേക്ക് വിളിക്കുകയും ക്ഷണിക്കുകയും ചെയ്യുന്നു. ഇതിനെതിരിൽ ഉൽകൃഷ്ട സ്വഭാവങ്ങളായ ക്ഷമ, വിലയനം, അല്ലാഹുവിൽ ലയിക്കൽ, ആത്മാർഥത, വിജയം ഇവ അല്ലാഹുവിന്റെ ക്ഷണങ്ങളാണ്. (ഒരു ഭാഗത്ത് ശയ്ത്വാൻ ക്ഷണിച്ചുകൊണ്ടിരിക്കുന്നു. മറുഭാഗത്ത് അല്ലാഹു ക്ഷണിച്ചുകൊണ്ടിരിക്കുന്നു. മനുഷ്യൻ ഇവ രണ്ടിന്റേയും ആകർഷണത്തിലാണ് കിടക്കുന്നത്. അതായത് രണ്ടു തരത്തിലുള്ള ആകർഷണമാണ്. വലിച്ചടുപ്പിക്കുന്ന കാര്യങ്ങളാണ്. മനുഷ്യൻ അവരണ്ടിലും വീണു കിടക്കുന്നു.) 'പിന്നീട് സൽപ്രകൃതക്കാരനിൽ സൗഭാഗ്യത്തിന്റെ ബീജം വെക്കപ്പെടുന്നു. അവൻ ശയ്ത്വാന്റെ ആയിരക്കണക്കിന് ക്ഷണങ്ങളും വികാരങ്ങളുമുണ്ടായിട്ടും മാന്യമായ പ്രകൃതിയുടെ സൗഭാഗ്യത്തിന്റേയും സുരക്ഷിതത്വത്തിന്റേയും ബീജത്തിന്റെ അനുഗ്രഹംകൊണ്ട് അല്ലാഹുവിലേക്ക് ഓടുന്നു. അതായത് ശയ്ത്വാൻ എത്ര ശ്രമിച്ചാലും ആരിലാണോ അല്ലാഹു സൗഭാഗ്യത്തിന്റെ ബീജം വെച്ചിരിക്കുന്നത് അവൻ തന്റെ സൗഭാഗ്യപ്രകൃതികൊണ്ടും അവന്റെ അനുഗ്രഹംകൊണ്ടും-കാരണം അവൻ അല്ലാഹുവിലേക്ക് വീണ്ടും കുന്നിയുന്നതുകൊണ്ട്-അവൻ അത്തരം പ്രകൃതി ഉൾക്കൊള്ളുമ്പോൾ അല്ലാഹു അവന് അല്ലാഹുവിലേക്ക് ഓടാനുള്ള തൗഫീഖ് നല്കുന്നു. ശയ്ത്വാനിലേക്ക് ഓടുന്നതിനുപകരം അല്ലാഹുവിൽ തന്റെ സന്തോഷവും സമാധാനവും ശാന്തിയും പ്രാപിക്കുന്നു.'

ഹദ്റത്ത് മസീഹ് മൗഊദ്(അ)പറയുന്നു:'എല്ലാ കാര്യങ്ങൾക്കും അടയാളങ്ങൾ തീർച്ചയായും ഉണ്ടാകുന്നു. അതിൽ അടയാളം ഉണ്ടാകാത്തിടത്തോളം അംഗീകാരയോഗ്യമായിരിക്കുകയില്ല. നോക്കുക മരുന്നുകൾ വൈദ്യൻ തിരിച്ചറിയുന്നു. ഔഷധചെടികളായ ബനഫ്ശായിലും ഖിയാർ (കക്കിരിയിലും)ലും ശംബറിലും തറബ്ബുദിലും ആ വിശേഷഗുണങ്ങൾ കാണുന്നില്ലെങ്കിൽ (ഈ ചെടികളിൽനിന്നും വേരുളിൽനിന്നും മരുന്നുകൾ ഉണ്ടാക്കുന്നുണ്ട്.) പറഞ്ഞു, ആ വിശേഷഗുണങ്ങൾ കാണുന്നില്ലെങ്കിൽ (അതാണെങ്കിൽ വലിയ പരീക്ഷണങ്ങൾക്കുശേഷം കണ്ടുപിടിക്കപ്പെട്ടിട്ടുള്ളതുമാണ്, അവയിൽനിന്ന് രോഗശമനം കിട്ടുന്നതുമാണ്. അതിൽ ആ വിശേഷഗുണങ്ങൾ കാണുന്നില്ലെങ്കിൽ)വൈദ്യൻ ഒന്നിനും കൊള്ളാത്തവസ്തുവായി എടുത്തെറിയുന്നതാണ്. ഇപ്രകാരംതന്നെ ഈമാനിന്റെ അടയാളങ്ങളുമുണ്ട്. അല്ലാഹു അവ ആവർത്തിച്ചാവർത്തിച്ച് തന്റെ ഗ്രന്ഥത്തിൽ രേഖപ്പെടുത്തി. ഈമാൻ മനുഷ്യന്റെ ഉള്ളിൽ പ്രവേശിക്കുമ്പോൾ അതിനോടൊപ്പം തന്നെ അല്ലാഹുവിന്റെ മഹത്വം അതായത് പ്രതാപം, പരിശുദ്ധി, അഹങ്കാരം, ശക്തിപ്രഭാവം, എല്ലാത്തിനെക്കാളുമുപരി ലാ ഇലാഹ ഇല്ലല്ലായുടെ യഥാർഥ ആശയം പ്രവേശിക്കുന്നുവെന്നത് സത്യമായ കാര്യമാണ്. എത്രത്തോളമെന്നാൽ അല്ലാഹു അവന്റെ ഉള്ളിൽ കുടിയിരിക്കുന്നു. സാത്താനിക ജീവിതത്തിനുമേൽ ഒരു മരണമുണ്ടാകുന്നു. പാപത്തിന്റെ പ്രകൃതി മരിക്കുന്നു. (ആ പ്രകൃതിയുടെ ഭാഗ്യമാണത്. ശരിയായ ഈമാനാണെങ്കിൽ പാപത്തിന്റെ പ്രകൃതി മരിക്കുന്നു. അപ്പോൾ പുതിയൊരു ജീവിതം ആരംഭിക്കുന്നു. അത് ആത്മീയ ജീവിതമാണ്. അല്ലെങ്കിൽ ദൈവികസൃഷ്ടിപ്പിന്റെ ആദ്യ ദിനമെന്നു പറയാം. സാത്താനിക ജീവിതത്തിനുമേൽ മരണമുണ്ടാകുകയും ആത്മീയ ജീവിതത്തിന്റെ കുഞ്ഞ് പിറക്കുകയും ചെയ്യുന്നു.' (മൽഫൂദാത്ത് വാല്യം 2 പേജ് 169, 1985 ലണ്ടൻ പതിപ്പ്)മനുഷ്യൻ വീണ്ടും അല്ലാഹുവിന്റേതായിത്തീരുന്ന സമയമാണിത്.

അഹങ്കാരവും ശയ്ത്വാനും തമ്മിലുള്ള ബന്ധത്തെ പ്രതിപാദിച്ചുകൊണ്ട് ഹദ്റത്ത് മസീഹ് മൗഊദ്(അ)പറയുന്നു: 'ഏറ്റവുമാദ്യം ആദമാണ് പാപം ചെയ്തത്. (മതചരിത്രങ്ങളിൽ ആദമിന്റെ പാപത്തെക്കുറിച്ചുള്ള വിവരം ലഭിക്കുന്നുണ്ട്); ശയ്ത്വാനും (ചെയ്തിരുന്നു. പാപം രണ്ടെണ്ണമായിരുന്നു. ഒന്ന് ആദം ചെയ്തത്. ഒന്ന് ശയ്ത്വാൻ ചെയ്തത്). പക്ഷേ, ആദമിൽ അഹങ്കാരമുണ്ടായിരുന്നില്ല. അതുകൊണ്ട് അല്ലാഹുവിന്റെ സന്നിധിയിൽ തന്റെ പാപം ഏറ്റു പറഞ്ഞു. അദ്ദേഹത്തിന്റെ പാപം പൊറുക്കപ്പെട്ടു. ഇതിൽനിന്ന് പശ്ചാത്താപംകൊണ്ട് പാപങ്ങൾ പൊറുക്കപ്പെടുമെന്ന പ്രതീക്ഷ മനുഷ്യനുണ്ടായി. (അഹങ്കാരമുണ്ടാകരുത്. പാപങ്ങളേറ്റു പറയണം. പശ്ചാത്തപിക്കണം. അല്ലാഹുവിനോട് പൊറുക്കലിനെ തേടണം. എന്നാൽ, പാപം പൊറുക്കുമെന്ന പ്രതീക്ഷയുണ്ടാകുന്നു). പക്ഷേ, ശയ്ത്വാൻ അഹങ്കരിച്ചു. അവൻ ശപിക്കപ്പെട്ടവനായി. അക്കാര്യം മനുഷ്യനിൽ ഇല്ല.'(അഹങ്കരിക്കാനുള്ള ശക്തി മനുഷ്യനിൽ ഇല്ല). ഹദ്റത്ത് മസീഹ് മൗഊദ്(അ)പറയുന്നു:'അഹങ്കാരി ആവശ്യമില്ലാതെ സ്വയമേവ ഇക്കാര്യം വാദിക്കുന്നതിനാണ് തയ്യാറാകുന്നത്. (അഹങ്കരിക്കാനുള്ള ശക്തി അവനൊട്ടു ഇല്ലതാനും. എവിടംവരെയാണ് പോകാൻ കഴിയുക. എത്രയാണ് ഉയരാൻ കഴിയുക. എല്ലാ വസ്തുക്കളും കരസ്ഥമാക്കാനുള്ള ശക്തിതന്നെയില്ലെങ്കിൽ പിന്നെ അഹങ്കാരമുണ്ടാകുന്നതെങ്ങനെ? പറഞ്ഞു, അഹങ്കാരിയായ മനുഷ്യൻ തന്റെ കൈയിലില്ലാത്ത ഒരു കാര്യത്തിനുവേണ്ടി വാദിക്കാൻ മുതിരുകയാണ് ചെയ്യുന്നത്.) "പ്രവാചകന്മാരിൽ ഒരു പാട് ഗുണങ്ങൾ ഉണ്ടായിരിക്കും. അവയിലുള്ള ഒരു ഗുണം നിസ്വാർഥതയാണ്."(അതായത് അവരുടെ സ്വാർഥത അവസാനിപ്പിക്കുന്നു). അവരിൽ സ്വാർഥത വസിക്കുകയില്ല. അവർ തങ്ങളുടെ ആത്മാവിൽ ഒരു മരണം വരിക്കുന്നു. അഹങ്കാരം അല്ലാഹുവിനുള്ളതാണ്. അഹങ്കരിക്കാത്തവരും വിനയത്തോടെ പ്രവർത്തിക്കുന്നവരും നഷ്ടപ്പെട്ടു പോകുകയില്ല."(മൽഫൂദാത്ത് വാല്യം 9 പേജ് 281, 1985 ലണ്ടൻ പതിപ്പ്)

അതുകൊണ്ട് അഹങ്കാരത്തിൽനിന്ന് രക്ഷപ്പെട്ടുകൊള്ളുക. ഒരു സത്യവിശ്വാസി സ്വായത്തമാക്കിയിരിക്കേണ്ട സവിശേഷതകളാണിവ. ഇല്ലെങ്കിൽ ശയ്ത്വാന്റെ പിന്നാലെ നടക്കുന്നവരായിരിക്കും. അഹങ്കാരം ചില ഘട്ടങ്ങളിൽ മനുഷ്യന് മനസ്സിലാകുകയില്ല. അതുകൊണ്ട് വളരെ സൂക്ഷ്മമായ നിലയിൽ ഇക്കാര്യത്തിൽ നമ്മൾ ആത്മപരിശോധന നടത്തേണ്ടതാണ്.'

ശയ്ത്വാൻ ഏതേതെല്ലാം തരത്തിലാണ് മനുഷ്യനെ തന്റെ വരുതിയിൽ കൊണ്ടുവരുന്നതിന് തന്ത്രങ്ങൾ മെനയുന്നത്? ഇതുസംബന്ധമായി ഹദ്റത്ത് മസീഹ് മൗഊദ്(അ)പറയുന്നു: 'പാപകരമായ ഒരു പ്രവൃത്തിയും മനുഷ്യൻ ചെയ്യാതിരിക്കുക.' പറയുന്നു: "മനുഷ്യന്റെ കർമങ്ങൾകൊണ്ട് പാപം അകലുകയാണെങ്കിൽ" (അതായത് പാപകരമായ ഒരു പ്രവൃത്തിയും പാപം എന്ന് പറയാൻ പറ്റുന്ന ഒരു കർമവും ചെയ്യാതിരിക്കുക). അപ്പോൾ ശയ്ത്വാൻ ആഗ്രഹിക്കുന്നു. (എന്താണ് ശയ്ത്വാൻ ആഗ്രഹിക്കുന്നത്)കണ്ണ് ചെവി മൂക്ക് ഇവയിൽ മാത്രം ഇരിക്കുക. ബാഹ്യമായനിലയിൽ പാപകരമായ കർമമൊന്നുമില്ലെങ്കിൽ അപ്പോഴും ശയ്ത്വാൻ ആഗ്രഹിക്കുന്നത് മനുഷ്യന്റെ കണ്ണുകളിൽ കുത്തിയിരിക്കുക എന്നാണ്. ചെവിയിൽ കുത്തിയിരിക്കുക എന്നാണ്. മൂക്കിൽ കുത്തിയിരിക്കുക എന്നാണ്.' പറഞ്ഞു: 'അവിടേയും അവന് പിടിത്തം കിട്ടുന്നില്ലെങ്കിൽ അവൻ മനസ്സിൽ കുടിയിരിക്കാൻ ശ്രമിക്കുന്നു.'(ബാഹ്യമായ പാപം ചിലയാളുകൾ ചെയ്യുകയില്ല. വലുതോ ചെറുതോ ആയ പാപം ചെയ്യുകയില്ല. ചിലയാളുകളുടെ അവസ്ഥകൾ അവന് പാപം ചെയ്യാൻ അവസരം തന്നെ നല്കുകയില്ല. അല്ലെങ്കിൽ പാപം ചെയ്യാനുള്ള കാരണംതന്നെ ഉണ്ടാകുന്നില്ല. അല്ലെങ്കിൽ എന്തെങ്കിലും ഭയത്താൽ പാപം ചെയ്യുന്നില്ല. ബാഹ്യമായനിലയിൽ കർമപരമായി ഒരുപാപവുമില്ല. പക്ഷേ, എന്നാലും അല്ലാഹുവുമായിട്ടുള്ള

ബന്ധമില്ലെങ്കിൽ ഏതെങ്കിലും മാർഗത്തിലൂടെ അവന്റെ ഉള്ളിൽ പാപത്തിന്റെ ബീജം വെക്കാനും മനസ്സിൽ കുടിയിരിക്കാനുമുള്ള ശയ്ത്വാന്റെ ശ്രമം ഉണ്ടാകുന്നു). പറഞ്ഞു: എന്തായാലും ശയ്ത്വാൻ തന്റെ യുദ്ധം അതിന്റെ അവസാനംവരെ എത്തിക്കുന്നു. എന്നാൽ, ഏതൊരു മനസ്സിലാണോ അല്ലാഹുവിനോടുള്ള ഭയമുണ്ടാകുന്നത് അവിടെ ശയ്ത്വാന്റെ ഭരണം നടക്കുകയില്ല." (അല്ലാഹുവിനോടുള്ള ഭയമുണ്ടെങ്കിൽ പിന്നീട് മനസ്സിൽ പാപത്തിന്റെ ബീജം വെക്കാനുള്ള ശയ്ത്വാന്റെ ശ്രമം നടക്കുകയില്ല.)പറഞ്ഞു: ശയ്ത്വാൻ അവസാനം അവനെക്കൊണ്ട് നിരാശനായിത്തീരുന്നു. അവനിൽനിന്ന് വേർപെടുന്നു. തന്റെ അഹങ്കാരത്തിൽ പരാജിതനും അപജയനും ആയിക്കൊണ്ട് അവൻ തന്റെ കിടക്കയെടുത്ത് അവിടെനിന്ന് പൊയ്ക്കളയുന്നു. (മൽഫൂദാത്ത് വാല്യം 3 പേജ് 401-402 1985 ലണ്ടൻ പതിപ്പ്)

ദൈവഭയം മനുഷ്യന്റെ മനസ്സിലിരിക്കുക എന്നതാണ് യഥാർഥ കാര്യം. ദൈവഭയമുണ്ടെങ്കിൽ സകല തിന്മകളിൽനിന്നും മനുഷ്യൻ രക്ഷപ്പെടുന്നതാണ്. ഒരു മോഷ്ടാവ് മോഷണം നടത്തുന്നു. അവനെ ഏതെങ്കിലും കുട്ടി കാണുകയാണെങ്കിൽ ആ കുട്ടിയേയും അവൻ ഭയപ്പെടുന്നു. എന്തെങ്കിലും കർമങ്ങൾ ചെയ്തുകൊണ്ട് അല്ലെങ്കിൽ എപ്പോഴും നമ്മുടെ കർമങ്ങൾ അല്ലാഹു കാണുന്നുവെന്ന് നമ്മുടെ മനസ്സിലുണ്ടാകാത്തിടത്തോളം പാപങ്ങളിൽനിന്ന് രക്ഷപ്പെടാൻ സധിക്കുകയില്ല.

ചില ഘട്ടങ്ങളിൽ ശയ്ത്വാൻ നന്മയുടെ വിചാരങ്ങൾ മനസ്സിലിട്ട് തന്റെ പിന്നാലെ നടത്തുന്നു. ഒരിക്കൽ ഒരു മജ്‌ലിസിൽ ഇൽഹാമുകളും ആത്മാവിന്റെ ബോധനങ്ങളും തമ്മിലുള്ള വ്യത്യാസത്തെ കുറിച്ച് ചർച്ച നടക്കുകയായിരുന്നു; അതിൽ ഒരുപാട് ബുദ്ധിമുട്ടുകളുണ്ടാകുന്നു എന്നതിനെക്കുറിച്ച്! ഹദ്റത്ത് മസീഹ് മൗഊദ് (അ)പറഞ്ഞു, 'ചിലർക്ക് ആത്മാവിന്റെ ബോധനത്തേയും ശയ്ത്വാന്റെ ബോധനത്തേയും ദൈവികവെളിപാടുകളിൽനിന്ന് വേർതിരിക്കാൻ സാധിക്കുകയില്ല.(ആത്മാവിന്റെ ബോധനമുണ്ട്, ശയ്ത്വാന്റെ ബോധനവുമുണ്ട്, അതിനെ അവർ ദൈവികവെളിപാടാണെന്ന് മനസ്സിലാക്കുന്നു). 'വഞ്ചിക്കപ്പെടുന്നു. അല്ലാഹുവിൽനിന്നു വരുന്ന കാര്യങ്ങൾ ഗാംഭീര്യം നിറഞ്ഞതും മാധുര്യമുള്ളതുമായിരിക്കും. മനസ്സിൽ തറയുന്നതായിരിക്കും. അത് അല്ലാഹുവിന്റെ വിരലുകളിൽനിന്ന് പുറപ്പെട്ടതായിരിക്കും. അതിനു തുല്യമായതൊന്നുമില്ല. അത് ഉരുക്കുപോലെ പതിയുന്നതായിരിക്കും. *ഇന്നാ സനുൽഖീ അലയ്ക്ക ഖൗലൻ ഥഖീലാ എന്ന് വിശുദ്ധഖുർആൻ പറഞ്ഞതുപോലെ.*(73:6) (അതായത് തീർച്ചയായും നാം നിന്നിൽ ഭാരിച്ച ഒരു വചനം ഇറക്കുന്നതാണ്). ഥഖീൽ എന്നതിന്റെ അർഥമിതാണ്. എന്നാൽ ശയ്ത്വാന്റേയും ആത്മാവിന്റേയും ബോധനം അങ്ങനെയായിരിക്കുകയില്ല. ഇതു രണ്ടും ഒരുവസ്തുതന്നെയാണ്.) മനുഷ്യനോടൊപ്പം രണ്ടു ശക്തികളുണ്ട്. അതെപ്പോഴും കൂടെത്തന്നെ ഇരിക്കുന്നുണ്ട്. ഒന്നു മലക്കുകൾ. രണ്ട് ശയ്ത്വാൻ; അവന്റെ കാലുകളിൽ രണ്ടു കയറുകൾ വീണുകിടക്കുന്നതുപോലെ. മലക്ക് നന്മ പ്രേരിപ്പിക്കുകയും സഹായിക്കുകയും ചെയ്യുന്നു. വിശുദ്ധ ഖുർആനിൽ *അയ്യദഹും ബിറൂഹിൻമ്മിൻഹു* എന്നു പറഞ്ഞതുപോലെ. (58:23) (അതായത് തന്റെ വചനം അയച്ച് അവനെ സഹായിച്ചു.) ശയ്ത്വാൻ തിന്മയിലേക്ക് പ്രേരിപ്പിക്കുന്നു. വിശുദ്ധ ഖുർആനിൽ യുവസ്‌വിസു എന്നു പറഞ്ഞിട്ടുള്ളതുപോലെ. ഇതു രണ്ടിനേയും നിഷേധിക്കാൻ സാധിക്കുകയില്ല. അന്ധകാരവും പ്രകാശവും ഒപ്പത്തിനൊപ്പം ചേർന്നിരിക്കുന്നു. ഒരു വസ്തുവിനെ കുറിച്ച് അറിവില്ലാത്തതുകൊണ്ട് ആ വസ്തു തന്നെ ഇല്ല എന്ന് സ്ഥാപിക്കാൻ സാധിക്കുകയില്ല. (അതായത് ഏതെങ്കിലും കാര്യത്തെ കുറിച്ച് അറിവില്ലെങ്കിൽ ആ കാര്യംതന്നെ ഇല്ലെന്നല്ല അതിനർഥം)പറഞ്ഞു, ഈ പ്രപഞ്ചത്തിനുപുറമെ ആയിക്കണക്കിന് അത്ഭുതങ്ങൾ വേറേയുമുണ്ട്."(അല്ലാഹുവിന്റെ ഈ പ്രപഞ്ചം ഒരു അത്ഭുതമാണ്, ഇതിനുപുറമേയും അല്ലാഹുവിന്റെ ആയിരക്കണക്കിന് അത്ഭുതങ്ങളുണ്ട്).

പറഞ്ഞു: '*ഖുൽ അഊദുബിറബ്ബിന്നാസ്* എന്നതിൽ ശയ്ത്വാന്റെ ഈ ദുർബോധനങ്ങളെ കുറിച്ചാണ് പറഞ്ഞിട്ടുള്ളത്. അത് അവൻ ലോകർക്കിടയിൽ ഈ നാളുകളിൽ ഇട്ടുകൊണ്ടിരിക്കുകയാണ്.' (പ്രത്യേകിച്ചും അത്യന്താധുനിക കാലഘട്ടം എന്നു പറയുന്ന, മനുഷ്യൻ അല്ലാഹുവിനെ മറന്നുകൊണ്ടിരിക്കുന്ന ഈ നാളുകളിൽ ശയ്ത്വാൻ തന്നെയാണ് മനസ്സുകളിൽ ദുർബോധനം ചെയ്തുകൊണ്ടിരിക്കുന്നത്.)പറഞ്ഞു: 'ഏറ്റവും വലിയ ദുർബോധനം പരിപാലനത്വത്തെ സംബന്ധിച്ച് തെറ്റു ധാരണ ഉണ്ടാക്കുക എന്നതാണ്. സമ്പന്നരുടെ കൈയിലെ ധാരാളം പണവും സ്വത്തും കണ്ട് അവരാണ് പരിപാലിക്കുന്നവർ എന്ന് മനുഷ്യൻ പറയുന്നതുപോലെ."(ഇവരാണ് തന്റെ എല്ലാം എന്ന്)

ശയ്ത്വാൻ എങ്ങനെയാണ് ദുർബോധനം ചെയ്യുന്നതെന്ന് വ്യക്തമാക്കിക്കൊണ്ടു പറയുന്നു. ഇത് ഒരു ഉദാഹരണം മുഖേന മുമ്പേ നല്കിക്കഴിഞ്ഞതാണ്. ഈ മുതലാളിമാർ തങ്ങളുടെ ആവശ്യങ്ങൾ പൂർത്തിയാക്കിത്തരും, അല്ലെങ്കിൽ അല്ലാഹുവിനു പുറമെ തങ്ങളുടെ ആവശ്യങ്ങൾ നിറവേറ്റിത്തരുന്ന മറ്റു അസ്തിത്വമുണ്ട് എന്ന ദുർബോധനത്തിൽനിന്ന് എങ്ങനെ രക്ഷപ്പെടാം എന്ന് വിവരിച്ചുകൊണ്ട് അവിടന്ന് പറയുന്നു: 'ഇതിന് യഥാർഥ രക്ഷിതാവിനെ അഭയം തേടാനാ ണ് പറഞ്ഞത്.' (അതുകൊണ്ട് അല്ലാഹു പറഞ്ഞു, മനുഷ്യരുടെ യഥാർഥ രക്ഷിതാവിന്റെ അഭയത്തിലിരിക്കാൻ ദുആ ചെയ്യുക.) പിന്നീട് ഭൗതികരാജാക്കന്മാരേയും ഭരണാധികാരികളേയും മനുഷ്യൻ പൊതുവായ അധികാരമുള്ളവൻ എന്നു പറയാൻ തുടങ്ങുന്നു. അപ്പോൾ അല്ലാഹു പറഞ്ഞു: *മലിക്കിന്നാസ്.* അല്ലാഹുതന്നെയാണ് മനുഷ്യരുടെ രാജാവ്. അതുകഴിഞ്ഞ് ജനങ്ങളുടെ ദുർബോധനത്തിന്റെ ഫലമായി സൃഷ്ടികളെ ദൈവത്തിന് സമൻമാരാക്കാൻ തുടങ്ങുന്നു. അവരെ ഭയപ്പെടുകയും അവരിൽ പ്രത്യാശ അർപ്പിക്കുകയും ചെയ്യുന്നു. അതുകൊണ്ട് *ഇലാഹിന്നാസ്* എന്നു പറഞ്ഞു. (നിങ്ങളുടെ ആരാധ്യൻ അല്ലാഹു മാ ത്രമാണ്.) ഈ മൂന്നു ദുർബോധനങ്ങൾ അകറ്റുന്നതിനുവേണ്ടിയാണ് മൂന്നു ഏലസ് അഥവാ രക്ഷാബന്ധൻ.(അത് സൂറത്തുന്നാസിൽ വിവരിക്കപ്പെട്ടിരിക്കുന്നു).അതേ ഖന്നാസ് തന്നെയാണ് ഈ ദുർബോധനങ്ങൾ ഇടുന്നത്. (അതായത് ശയ് ത്വാൻ.') ഇവന്റെ പേര് തൗറാത്തിൽ ഇബ്റാനീ ഭാഷയിൽ 'നഹാശ്' എന്നു വന്നിരിക്കുന്നു. അവനാണ് ഹവ്വായുടെ അടുക്കൽ വന്നത്. ഒളിഞ്ഞിരുന്ന് ആക്രമണം നടത്തുന്നവൻ. ഈ സൂറത്തിൽ അതിനെക്കുറിച്ചാണ് പറഞ്ഞിട്ടുള്ളത്. ഇതിൽനി ന്ന് മനസ്സിലായത് ദജ്ജാലും ബലാൽക്കാരം കാണിക്കുകയില്ലെന്നാണ്. മറിച്ച് ആരും അറിയാതിരിക്കാൻ ഒളിഞ്ഞിരുന്ന് ആക്രമിക്കുന്നതായിരിക്കും."(ലോകത്തെ കണ്ണഞ്ചിപ്പിക്കുന്ന കാഴ്ചകൾ, ഇക്കാലത്തെ പുതിയപുതിയ കണ്ടുപിടിത്തങ്ങൾ, അല്ലെങ്കിൽ ഇക്കാലത്തെ വിദ്യാഭ്യാസത്തിന്റെ പേരുംപറഞ്ഞ് അല്ലാഹുവിൽനിന്ന് അകലാനം മതത്തിൽനിന്നകലാനും പ്രേരിപ്പിച്ചുകൊണ്ടിരിക്കുന്നു. അതിൽ ഭരണകൂടങ്ങളും ഉൾപ്പെടുന്നുണ്ട്. വലിയ വലിയ സംഘടനകളും ഉൾപ്പെടുന്നുണ്ട്. മനുഷ്യാവകാശങ്ങളുടെ പേരിൽ, 'മതം നിങ്ങളെ ഇന്ന കാര്യങ്ങളിൽ തളച്ചിടുന്നു, വാസ്തവത്തിൽ മനുഷ്യാവകാശങ്ങളുടെ തേട്ടമെന്നുപറയുന്നത് സമ്പൂർണ സ്വാതന്ത്ര്യമാണ്' എന്നൊക്കെയുള്ള കാര്യങ്ങൾ പറഞ്ഞുകൊണ്ടിരിക്കുന്നു. ഇക്കാര്യങ്ങളാണ് മെല്ലെ മെല്ലെ മനുഷ്യമനസ്സുകളിൽ ഇട്ടുകൊണ്ടിരിക്കുന്നത്. ഇക്കാലത്ത് ഇക്കാര്യങ്ങൾ ശയ്ത്വാനും ചെയ്തുകൊണ്ടിരിക്കുന്നു. അതിൽ ഭരണകൂടങ്ങളും പങ്കാളികളാണ്. വലിയ വലിയ മനുഷ്യാവകാശങ്ങളുടെ പേരിൽ(Human Rights), സ്ത്രീകളുടെ അവകാശങ്ങളുടെ പേരിൽ(Women Rights) ഞാൻ ആദ്യം പറഞ്ഞതുപോലെ മനുഷ്യാവകാശങ്ങളുടെ പേരിൽ പ്രവർത്തിക്കുന്ന എല്ലാ സംഘടനകളും ഇതിൽ പങ്കാളികളാണ്. എവിടെയാണോ അവർ ദീനിൽനിന്നകറ്റാൻ ശ്രമിക്കുന്നത് അവിടെ നമ്മുടെമേൽ ശയ്ത്വാന്റെ ആക്രമണം നടക്കാൻ പോകുകയാണെന്നും ഈ ദജ്ജാലി ശക്തികളാണ് നമ്മളിൽ ആക്രമണം നടത്തിക്കൊണ്ടിരിക്കുന്നതെന്നും എല്ലാവരും മനസ്സിലാക്കിയിരിക്കേണ്ടതാണ്, എല്ലാ അഹ്മദികളും മനസ്സിലാക്കിയിരിക്കേണ്ടതാണ്, എല്ലാ സത്യവിശ്വാസികളും മനസ്സിലാക്കിയിരിക്കേണ്ടതാണ്.)

വീണ്ടും പറഞ്ഞു, 'ശയ്ത്വാൻ ഹവ്വായുടെ അടുക്കൽ സ്വയം പോയി എന്നത് ശരിയല്ല. മറിച്ച് എപ്രകാരം ഇപ്പോൾ പാത്തും പതുങ്ങിയും വരുന്നുവോ അപ്രകാരം ഒളിഞ്ഞും പാത്തുമാണ് പോയിരുന്നത്." (ഏതെങ്കിലും അസ്തിത്വമായിരുന്നില്ല, ഏതെങ്കിലും വ്യക്തിയായിരുന്നില്ല ഹവ്വായുടെ അടുക്കൽ പോയിരുന്നത്, ഇപ്രകാരം ദുർബോധനം ചെയ്യുകയായിരുന്നു.) പറഞ്ഞു, 'ഏതെങ്കിലും മനുഷ്യന്റെ ഉള്ളിൽ അവൻ തന്റെ ചിന്താഗതികൾ നിറയ്ക്കുന്നു. അങ്ങനെ ആ മനുഷ്യൻ അവന്റെ പ്രതിനിധിയായിത്തീരുന്നു. ഏതോ ഒരു മതവിരോധിയുടെ മനസ്സിൽ ശയ്ത്വാൻ ഇക്കാര്യം ഇട്ടിരുന്നു. ആദം താമസിച്ചിരുന്ന ജന്നത്തും ഭൂമിയിലായിരുന്നു.(ഏതെങ്കിലും അന്തരീക്ഷത്തിലായിരുന്നില്ല). ഏതോ ദുഷ്ടൻ അദ്ദേഹത്തിന്റെ മനസ്സിൽ ദുർബോധനം ചെയ്യുകയായിരുന്നു.

വിശുദ്ധ ഖുർആനിലെ ആദ്യ അധ്യായത്തിൽ ത്തന്നെ കോപത്തിനു പാത്രമായവരിലോ വഴിപിഴച്ചവരിലോപ്പെടരുതെന്ന് അല്ലാഹു താക്കീതു ചെയ്തു പറഞ്ഞു. അതായത് അല്ലയോ മുസ്ലീംകളേ! നിങ്ങൾ യഹൂദികളുടേയും ക്രിസ്ത്യാനികളുടേയും സ്വഭാവങ്ങൾ സ്വീകരിക്കരുത്. ഇതിൽനിന്നും ചില മുസ്‌ലീംകൾ അങ്ങനെ ചെയ്യുമെന്നുള്ള ഒരു പ്രവചനവും പുറത്തുവരുന്നുണ്ട്. അതായത് ഒരു കാലംവരും അന്ന് മുസ്ലീംകളിൽനിന്നുള്ള ചിലർ യഹൂദികളുടേയും ക്രിസ്ത്യാനികളുടേയും സ്വഭാവം സ്വീകരിക്കുന്നതാണ്. കാരണം എപ്പോഴും അത്തരം കാര്യത്തെ സംബന്ധിച്ചാണ് കല്പന നല്കപ്പെടുന്നത്, അതിന് വിരുദ്ധം പ്രവർത്തിക്കുന്ന ചിലർ ഉണ്ടാകും."(മൽഫൂദാത്ത് വാല്യം 2 പേജ് 244-245, 1985 ലണ്ടൻ പതിപ്പ്)

ദീനിനെ ഏതവസ്ഥയിലും ദുൻയാവിനെക്കാൾ മുന്തിക്കണമെന്ന കാര്യം വിവരിച്ചുകൊണ്ട് ഒരവസരത്തിൽ ഹദ്റത്ത് മസീഹ് മൗഊദ്(അ)പറഞ്ഞു: 'നോക്കൂ! രണ്ടു തരത്തിലുള്ള ആളുകളുണ്ട്. ഒന്ന് ഇസ്‌ലാം സ്വീകരിച്ച് ഭൗതികമായ പ്രവർത്തനങ്ങളിലും കച്ചവടങ്ങളിലും മുഴുകുന്നവർ. ശയ്ത്വാൻ അവരുടെ തലയിലൂടെ സഞ്ചരിക്കുന്നു. ഞാൻ പറഞ്ഞതിന്റെ ഉദ്ദേശ്യം കച്ചവടം ചെയ്യുന്നത് വിരോധമാണെന്നല്ല. സ്വഹാബാക്കൾ കച്ചവടം ചെയ്തിരുന്നു. എന്നാൽ, അവർ ദീനിനെ മുന്തിച്ചിരുന്നു. അവർ ഇസ്‌ലാം സ്വീകരിച്ചപ്പോൾ ഇസ്‌ലാമിനെ സംബന്ധിച്ച് ദൃഢജ്ഞാനംകൊണ്ട് അവരുടെ ഹൃദയങ്ങളെ നിറയ്ക്കുന്ന യഥാർഥ അറിവ് അവർ കരസ്ഥമാക്കി. ഇക്കാരണത്താലാണ് അവർ ഒരു രംഗത്തും ശയ്ത്വാന്റെ ആക്രമണത്തിൽ അങ്ങോട്ടും ഇങ്ങോട്ടും ചാഞ്ചാടാതിരുന്നത്. സത്യം വെളിപ്പെടുത്തുന്നതിന് ഒരു കാര്യത്തിനും അവരെ തടയാനും കഴിഞ്ഞില്ല. ഞാൻ ഇതു പറയുന്നതിന്റെ ഉദ്ദേശ്യം കേവലം തികച്ചും ഭൗതികരായിട്ടുള്ള ആളുകളും ലോകത്തിന്റെ അടിമകളായിട്ടുള്ളവരും അവർ ലോകത്തെ പൂജിക്കുന്നവരായിരിക്കും. അത്തരം ആളുകളുടെമേൽ ശയ്ത്വാൻ വിജയം നേടുകയും ആധിപത്യം കരസ്ഥമാക്കുകയും ചെയ്യുന്നു. രണ്ടാമത്തെ കൂട്ടർ ദീനിന്റെ അഭിവൃദ്ധിയുടെ ചിന്തയുള്ളവരാണ്. ഇവരാണ് അല്ലാഹുവിന്റെ കക്ഷിക്കാർ എന്നു പറയപ്പെടുന്നത്. അവർ ശയ്ത്വാന്റേയും അവന്റെ സൈന്യത്തിന്റേയുംമേൽ വിജയം വരിക്കുന്നു.

ധനം വർധിക്കുന്നത് കച്ചവടം മുഖേനയാണ്. അതുകൊണ്ട് അല്ലാഹു ദീൻ അന്വേഷിക്കുന്നതും ദീൻ അഭിവൃദ്ധിപ്പെടണമെന്നാഗ്രഹിക്കുന്നതും ഒരു കച്ചവടമാണെന്ന് പറഞ്ഞിരിക്കുന്നു."(അതായത് ദീൻ അന്വേഷിക്കുന്നതും അതിൽ അഭിവൃദ്ധിപ്പെടുന്നതും ഒരു കച്ചവടമാണ്. ഭൗതികമായ ധനം ലോകത്തുതന്നെ ഇരിക്കുന്നു. എന്നാൽ, ഈ ധനവും ഈ കച്ചവടവും പരലോകത്തും പ്രയോജനപ്പെടുന്നതാണ്). പറയുന്നു: *ഹൽ അദുല്ലുക്കും അലാ തിജാറത്തിൻ തുഞ്ചീക്കും മിൻ അദാബിൻ അലീം*(61:11) (വേദനാജനകമായ ശിക്ഷയിൽനിന്ന് നിങ്ങളെ രക്ഷപ്പെടുത്തുന്ന ഒരു കച്ചവടം ഞാൻ നിങ്ങൾക്കു പറഞ്ഞുതരട്ടെയോ?) പറഞ്ഞു, വേദനാജനകമായ ശിക്ഷയിൽനിന്ന് നിങ്ങളെ രക്ഷപ്പെടുത്തുന്ന ഏറ്റവും നല്ല കച്ചവടം ദീനിന്റേതാണ്. തന്റെ ജമാഅത്തിനോടു പറഞ്ഞു, ഞാനും അല്ലാഹുവിന്റെ ഈ വാക്കുകളിൽ നിങ്ങളോടു പറയുകയാണ്, *ഹൽ അദുല്ലുക്കും അലാ തിജാറത്തിൻ തുഞ്ചീക്കും മിൻ അദാബിൻ അലീം*(61:11)"-(മൽഫൂദാത്ത് വാള്യം 3 പേജ് 193 -194, 1985 ലണ്ടൻ പതിപ്പ്)

ശയ്ത്വാന്റെ പിന്നാലെ നടക്കുന്നതിൽനിന്ന് മോചിതരാകാനും അല്ലാഹുവിന്റെ തൃപ്തി കരസ്ഥമാക്കിക്കൊണ്ട് വേദനാജനകമായ ശിക്ഷയിൽ നിന്ന് രക്ഷപ്പെടാനും കാലത്തിന്റെ ഇമാമും അല്ലാഹുവിന്റെ ദിവ്യവരിഷ്ഠനും വാഗ്ദത്ത മസീഹും മഹ്ദിയും നമ്മെ പഠിപ്പിച്ചുകൊണ്ടിരിക്കുന്ന അത്തരം കച്ചവടം നമ്മളും ചെയ്യേണ്ടതാണ്. ആ വഴിയിലൂടെ നടക്കാൻ ശ്രമിക്കേണ്ടതാണ്.

മറഞ്ഞിരിക്കുന്ന പാപങ്ങളിൽനിന്ന് രക്ഷപ്പെടണമെന്ന കാര്യത്തിലേക്ക് ശ്രദ്ധ ക്ഷണിച്ചുകൊണ്ട് ഹദ്റത്ത് മസീഹ് മൗഊദ്(അ)പറയുന്നു:

'ആരെങ്കിലും വിപത്തുകളിൽ അകപ്പെട്ടാൽ അതിന്റെ കുറ്റം മനുഷ്യനുതന്നെയാണ്. ഇവർ വിപത്തുകളിൽ അകപ്പെട്ട ശേഷം അല്ലാഹുവിൽ നിന്ന് ആപത്തുവന്നുവെന്ന് പറയുന്നതു ശരിയല്ല. കുറ്റം മനുഷ്യന്റേതുതന്നെയാണ്. അല്ലാഹുവിന്റെ കുറ്റമല്ല. ചിലയാളുകൾ ബാഹ്യമായി നോക്കുമ്പോൾ വളരെ നല്ലവരാണെന്ന് തോന്നും. അവർക്കെന്തുകൊണ്ടാണ് ബുദ്ധിമുട്ടുണ്ടായതെന്നും അല്ലെങ്കിൽ നന്മ സമ്പാദുക്കുന്നതിൽനിന്ന് എന്തുകൊണ്ട് പിന്തള്ളപ്പെട്ടുവെന്നും ഓർത്ത് മനുഷ്യൻ അത്ഭുതപ്പെടുന്നു. വാസ്തവത്തിൽ അവരിൽ മറഞ്ഞിരിക്കുന്ന പാപമുണ്ട്. അതാണ് അവന്റെ അവസ്ഥ അവനെ ഇവിടംവരെ എത്തിച്ചിട്ടുള്ളതും. അല്ലാഹു ഒരുപാട് മാപ്പാക്കുന്നു. വിട്ടുവീഴ്ച ചെയ്യുന്നു. ഇക്കാരണത്താൽ മനുഷ്യന്റെ മറഞ്ഞിരിക്കുന്ന പാപങ്ങൾ ആർക്കും അറിയാൻ പറ്റുകയില്ല. മറഞ്ഞിരിക്കുന്ന പാപം വാസ്തവത്തിൽ വെളിപ്പെടുന്ന പാപത്തെക്കാൾ വൃത്തികെട്ടതാണ്. പാപങ്ങളുടെ അവസ്ഥയും രോഗങ്ങൾ പോലെയാണ്. അതായത് വലിയ രോഗങ്ങളാണ്. ബാഹ്യമായ രോഗം കാണുമ്പോൾ ഇയാൾ രോഗിയാണെന്ന് എല്ലാവരും മനസ്സിലാക്കും. എന്നാൽ, മറഞ്ഞിരിക്കുന്ന ചില രോഗങ്ങളുണ്ട്. അത് ചിലപ്പോൾ രോഗിക്കുതന്നെയും അറിയാൻ കഴിയുകയില്ല. ഇപ്രകാരമുള്ളതാണ് ക്ഷയരോഗം. തുടക്കത്തിൽ അത് ഡോക്ടർക്കുപോലും അറിയാൻ കഴിഞ്ഞെന്ന് വരില്ല. അങ്ങനെ രോഗം മൂർച്ഛിക്കുന്നു. ചിലപ്പോൾ അവസാന സ്റ്റേജിലായിരിക്കും മനസ്സിലാകുക. ക്യാൻസർ രോഗി ചിലപ്പോൾ പുറമെ പൂർണ ആരോഗ്യവാനായി കാണും. പെട്ടെന്നായിരിക്കും ക്യാൻസറാണെന്ന് അറിയുക. അപ്പോൾ ചികിത്സയൊന്നും ഏശാത്തവിധം പടർന്നു പിടിച്ചിട്ടുണ്ടാകും. മാസത്തിനുള്ളിൽ അവന്റെ ജീവിതം അവസാനിക്കുകയും ചെയ്യുന്നു.' അതുകൊണ്ട് പറഞ്ഞു: 'രോഗത്തെ കുറിച്ച് അറിയാത്തതുപോലെ മനുഷ്യന്റെ ആഭ്യന്തരമായ പാപവും പതുക്കെപ്പതുക്കെ അവനെ നാശംവരെ കൊണ്ടെത്തിക്കുന്നു. അല്ലാഹു അവന്റെ ഫള്ലു കൊണ്ട് കരുണചെയ്യുമാറാകട്ടെ. വിശുദ്ധ ഖുർആൻ *ഖദ്അഫ്ലഹാ മൻ സക്കാഹാ* (91:10) എന്നു പറഞ്ഞിരിക്കുന്നു. തന്റെ ആത്മാവിനെ പരിശുദ്ധമാക്കിയവൻ മോക്ഷം പ്രാപിച്ചിരിക്കുന്നു. പക്ഷേ, ആത്മാവിന്റെ ശുദ്ധീകരണവും ഒരു മരണമാണ്. എല്ലാ വൃത്തികെട്ട സ്വഭാവങ്ങളും ഉപേക്ഷിക്കാത്തിടത്തോളം ആത്മപരിശുദ്ധി എവിടന്ന് ലഭിക്കാനാണ്? എത്രത്തോളം അസഭ്യവും അശുദ്ധവും മോശവുമായ സ്വഭാവങ്ങളുണ്ടോ അവ ഉപേക്ഷിക്കാത്തിടത്തോളം-അതിലൂടെ നടത്താനാണ് ശയ്ത്വാൻ ആഗ്രഹിക്കുന്നത്, നീചകൃത്യങ്ങളിലും നിഷിദ്ധകാര്യങ്ങളിലും നടത്താൻ ആഗ്രഹിക്കുന്നത്, നിഷിദ്ധം എന്നതിന്റെ ഉദ്ദേശ്യംതന്നെ അല്ലാഹുവിനിഷ്ടപ്പെടാത്ത കാര്യങ്ങൾ എന്നാണ്-അവ ഉപേക്ഷിക്കാത്തിടത്തോളം ആത്മപരിശുദ്ധി എവിടെന്ന് ലഭിക്കാനാണ്. എല്ലാ ഓരോ മനുഷ്യനിലും ഏതെങ്കിലുമൊക്കെ ദോഷത്തിന്റെ ബീജമുണ്ടാകും. അതിന്റെ ശയ്ത്വാനുമുണ്ടാകും. അവനെ കൊല്ലാത്തിടത്തോളം കാര്യം നേടാനൊക്കുകയില്ല.(മൽഫൂദാത്ത് വാള്യം 9 പേജ് 280-281, 1985 ലണ്ടൻ പതിപ്പ്)

അതുകൊണ്ട് മുമ്പേ പറഞ്ഞതുപോലെ നമുക്ക് എപ്പോഴും അല്ലാഹുവിന്റെ അഭയത്തിന്റെ ആവശ്യമുണ്ട്. എപ്പോഴും ആത്മപരിശോധന നടത്തേണ്ട ആവശ്യമുണ്ട്.

ശയ്ത്വാനെ കൊല്ലുന്നതിന് എന്ത്, എങ്ങനെയാണ് നമ്മൾ ചുവടുവെക്കേണ്ടത്. ഇതിനെ സംബന്ധിച്ച് ഹദ്റത്ത് മസീഹ് മൗഊദ്(അ)പറയുന്നു:'അല്ലാഹുവിന്റെ പ്രവാചകൻ അവന്റെ പ്രതീകവും അല്ലാഹുവിനെ വെളിപ്പെടുത്തുന്ന ആളുമാകുന്നു. പിന്നീട് പ്രവാചകന്മാരുടെ പ്രതീകമാകുന്നവരാണ് സത്യവാനായ മുസൽമാനും മതാനുയായിയും എന്നു പറയപ്പെടുന്നത്. ആദരണീയരായ സ്വഹാബാക്കൾ ഈ രഹസ്യം നല്ലവണ്ണം മനസ്സിലാക്കിയിരുന്നു. അവർ നബി(സ)തിരുമേനിയുടെ അനുസരണത്തിൽ എങ്ങനെ മറഞ്ഞെന്നാൽ, എങ്ങനെ തങ്ങളെ നഷ്ടപ്പെടുത്തിയെന്നാൽ അവരിൽ അവരുടേതായി ഒന്നുതന്നെ അവശേഷിച്ചില്ല. അവരെ ആരെങ്കിലും കണ്ടാൽ, അല്ലാഹുവിൽ ലയിച്ചിരിക്കുന്ന അവസ്ഥയിലായിരുന്നു കണ്ടിരുന്നത്. അല്ലഹുവിന്റെ സാമീപ്യം പ്രാപിക്കുന്നതിലും നബി(സ)തിരുമേനിയുടെ ജീവിത മാതൃക സ്വായത്തമാക്കുന്നതിലും മുങ്ങിയിരുന്നു. അതുകൊണ്ട് ഓർമിക്കുക, ഇക്കാലത്തും ആദരണീയരായ സ്വഹാബാക്കളിൽ ഉണ്ടായിരുന്നതുപോലെ, വിലയിനത്തിലും അനുസരണത്തിലും നമ്മെ നഷ്ടപ്പെടുത്തിയാൽ മാത്രമേ ശിഷ്യന്മാരിലും വിശ്വാസികളിലും പ്രവേശിച്ചവരാണെന്ന വാദം സത്യവും യഥാസ്ഥാനത്തുള്ളതും ആകുകയുള്ളു. ഇതുണ്ടാകാത്തിടത്തോളം, അല്ലാഹു നിങ്ങളിൽ കുടിയിരിക്കാത്തിടത്തോളം, അല്ലാഹുവിന്റെ അടയാളങ്ങൾ നിങ്ങളിൽ പ്രകടമാകാത്തിടത്തോളം ശയ്ത്വാനിക ഭരണത്തിന്റെ പ്രവർത്തനവും പ്രവേശവും ഉണ്ടായിരിക്കുമെന്ന് നല്ലവണ്ണം മനസ്സിലാക്കിക്കൊള്ളുക.'(മൽഫൂദാത്ത് വാള്യം 2 പേജ് 168-169, 1985 ലണ്ടൻ പതിപ്പ്)

നമ്മൾ ആത്മാർഥരായി അല്ലാഹുവിന്റേതായിത്തീരാൻ അവൻ നമ്മെ അനുഗ്രഹിക്കുമാറാകട്ടെ. എല്ലാ നീചപ്രവൃത്തികളിൽനിന്നും നിഷിദ്ധകർമങ്ങളിൽനിന്നും രക്ഷപ്പെടുക. എല്ലാ തരത്തിലുള്ള തിന്മകളിൽനിന്നും രക്ഷപ്പെടുക. എല്ലാവിധ അഹങ്കാരങ്ങളിൽനിന്നും രക്ഷപ്പെടുക. അല്ലാഹുവിന്റെ അനുഗ്രഹങ്ങളുടെ അവകാശികളാകാൻ ആത്മശുദ്ധീകരണത്തിനായി ശ്രമിച്ചുകൊണ്ടിരിക്കുക. എപ്പോഴും നമ്മുടെ ദൃഷ്ടി അല്ലാഹുവിലായിരിക്കട്ടെ. അവൻതന്നെയാണ് നമ്മുടെ രക്ഷിതാവ്. എന്നെന്നും അവന്റെ രാജാധികാരം നമ്മുടെ മനസ്സുകളിൽ ആധിപത്യം സ്ഥാപിച്ചിരിക്കട്ടെ. അവൻതന്നെ നമ്മുടെ ആരാധ്യനായിരിക്കട്ടെ. നമ്മൾ എപ്പോഴും അവനെ വിളിക്കുന്നവരായിരിക്കട്ടെ. ശയ്ത്വാന്റെ ചവിട്ടടികളിൽ നടക്കുന്നതിൽനിന്ന് രക്ഷപ്പെട്ടിരിക്കുക. അല്ലാഹു നമുക്കതിന് തൗഫീഖ് നല്കുമാറാകട്ടെ.

പേജ് 2ൽ നിന്ന്

ഇതേ ലഘുലേഖയുടെ 37,38 പേജുകളിൽ പറയുന്നു:"ഖിലാഫത്തിന്റെ തിരിച്ചുവരവ് അടുത്തിരിക്കുന്നു' എന്ന ശീർഷകത്തിൽ എഴുതുന്നു:അല്ലാഹുവിന്റെ സഹായം വരുന്നുവെന്നും ഖിലാഫത്ത് സ്ഥാപിതമാകുമെന്നും സത്യവിശ്വാസികൾക്ക് ദൃഢവിശ്വാസമുണ്ടായിരിക്കേണ്ടതാണ്. നബി(സ) തിരുമേനി ഖിലാഫത്ത് വീണ്ടും സ്ഥാപിതമാകുന്നതിനെക്കുറിച്ച് നമുക്ക് ധാരാളം സുവാർത്തകൾ നല്കിയിട്ടുണ്ട്. ഇമാം അഹ്മദ്(റഹ്)നിവേദനം: 'നിങ്ങളിൽ അല്ലാഹു ഇച്ഛിക്കുന്നതുവരെ നുബുവ്വത്ത് നിലനില്ക്കുന്നതാണ്. പിന്നീട് അവൻ ഇച്ഛിക്കുകയാണെങ്കിൽ അതിനെ എടുത്തുകളയും. പിന്നീട് അവൻ ഇച്ഛിക്കുന്നതുവരെ നുബുവ്വത്തിന്റെ പാതയിലുള്ള ഖിലാഫത്തുണ്ടാകും. അവൻ ഇച്ഛിക്കുന്നതുവരെ അത് നിലനില്ക്കും. പിന്നീട് അതിനെ എടുത്തുകളയും. പിന്നീട് പരുക്കൻ ഭരണകൂടം വരും. അല്ലാഹു ഇച്ഛിക്കുന്നിടത്തോളം അത് നിലനില്ക്കും. അതിനുശേഷം അതെടുക്കപ്പെടും. പിന്നീട് സ്വേച്ഛാധിപത്യ ഭരണകൂടം വരും. അല്ലാഹു ഇച്ഛിക്കുന്നിടത്തോളം അത് നിലനില്ക്കും. പിന്നീട് അല്ലാഹു അതിനേയും എടുത്തുകളയും. അതിനുശേഷം നുബുവ്വത്തിന്റെ പാതയിലുള്ള ഖിലാഫത്ത് സ്ഥാപിതമാകുന്നതാണ്. ഇതിനുശേഷം നബി(സ) തിരുമേനി മൗനമവലംബിച്ചു.' ഈ ഹദീഥ് നുബുവ്വത്തിന്റെ അടയാളങ്ങളിൽ നിന്നുള്ള ഒന്നാണ്. കാരണം ഇത് അദൃശ്യജ്ഞാനം നല്കുന്നു. ഈ ഹദീഥിൽ നുബുവ്വത്ത്, ഖിലാഫത്ത്, സ്വേച്ഛാധിപത്യ ഭരണം, ബലാൽക്കാരപൂർവമായ ഭരണം എന്നിവയെ കുറിച്ച് പറയുന്നു. ഇതിലധികവും പുലർന്നു കഴിഞ്ഞിരിക്കുന്നു. ഇനി അതിൽ പുലർന്നുകാണാൻ ബാക്കിയുള്ളത് ഹദീഥിന്റെ അവസാന ഭാഗമാണ്. അതായത് ഖിലാഫത്തെ റാശിദായുടെ പുനഃസ്ഥാപനം."(ഖിലാഫത്ത് തമാം മസായിൽ കഹല്ല്, പ്രസാധകർ മില്ലി പബ്ലിക്കേഷൻസ്, ന്യൂഡൽഹി)

അല്ലാഹു മുഴുവൻ ലോകത്തിനും ഇസ്ലാമിക സത്യഖിലാഫത്തിന്റെ തണലിൽ സമാധാനത്തോടെ ജീവിക്കാൻ തൗഫീഖ് നല്കുമാറാകട്ടെ. ആമീൻ.

## കൂടാളിയിൽ മസീഹ് മൗഊദ് ദിനവും ശുചിത്വബോധവൽക്കരണം ക്ലാസ്സും

**കണ്ണൂർ:** കണ്ണൂർ ജില്ലയിലെ കൂടാളിയിൽ അഹ്മദിയ്യാ മുസ്‌ലിം ജമാഅത്തിന്റെ ആഭിമുഖ്യത്തിൽ മസീഹ് മൗഊദ് ദിനവും ശുചിത്വ ബോധവൽക്കരണ ക്ലാസ്സും സംഘടിപ്പിച്ചു. 24-03-2016 ന് കൂടാളി അഹ്മദിയ്യാ മുസ്‌ലിം മദ്രസാ അങ്കണത്തിൽ നടന്ന പരിപാടിയിൽ മൗലവി മുഹമ്മദ് ഇസ്മായീൽ സാഹിബ് അഹ്മദിയ്യാ ജമാഅത്തിന്റേയും അതിന്റെ സ്ഥാപകരുടേയും വിശ്വസാദർശത്തെ കുറിച്ചും പ്രവർത്തനത്തെ കുറിച്ചും വിശദമായി സംസാരിക്കുകയുണ്ടായി. കിലാ ഫാക്കൽട്ടി ഹംസക്കുട്ടി സാർ ശുചിത്വബോധവൽക്കരണ ക്ലാസെടുത്തു. അഹ്മദിയ്യാ മുസ്‌ലിം ജമാഅത്തിന്റെ യുവജന വിഭാഗമായ മജ്‌ലിസ് ഖുദ്ദാമുൽ അഹ്മദിയ്യാ സംഘടിപ്പിച്ച പരിപാടിയിൽ കൂടാളി അമീർ യു.വാജിദ് അഹ്മദ് അധ്യക്ഷനായി. ശുചിത്വ ബോധവൽക്കരണ ക്ലാസെടുത്ത ഹംസക്കുട്ടി സാറിനെ അഹ്മദിയ്യാ സാഹിത്യങ്ങൾ നല്കി ആദരിച്ചു. മജ്‌ലിസ് ഖുദ്ദാമുൽ അഹ്മദിയ്യാ തയ്യാറാക്കിയ പ്ലാസ്റ്റിക് വിരുദ്ധ സിമ്പലുള്ള തുണി സഞ്ചികൾ വിതരണം ചെയ്തു.

EDITOR
H.SHAMSUDDIN
Mobile : +91-84376-99866
Sub Editor : Mohammad Ismaeel
Mobile : +91-94466-56123
e-mail : badarkerla@gmail.com

(Title Code:- PUNMAL00001)
ബദ്ർ വീക്കിലി ഖാദിയാൻ The Weekly **BADAR** Qadian
Distt. Gurdaspur (Pb.) INDIA Qadian - 143516
Vol-1 Thursday 14 April 2016 Issue-6

MANAGER
NAWAB AHMAD
Tel : +91-1872-224757
Mobile: +91-94170-20616
e-mail : managerbadrqnd@gmail.com
website : www.alislam.org/badr
ANNUAL SUBSCRIPTION Rs.300/-

ദർസ്:5

# ഹദ്റത്ത് അഹ്മദ്(അ) ഇക്കാലത്തിൻ ഇമാം

**ഇന്നൽഫള്ല ബിയദില്ലാഹി യുഅ്തീഹി മൻയ്യശാഅ്**

**ഫള്ൽ (അനുഗ്രഹം) അല്ലാഹുവിന്റെ കരങ്ങളിലാണ്. അവൻ ഇച്ഛിക്കുന്നവർക്ക് ഫള്ൽ പ്രദാനം ചെയ്യുന്നു. (3:74)**

ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: ''ഇക്കാലഘട്ടത്തിൽ ഇമാമുസ്സമാൻ (കാലത്തിന്റെ ഇമാം) ആരാണ്? മുഴുവൻ ആളുകൾക്കും (ദീനീ സഹോദരങ്ങൾക്കും) ആത്മപരിത്യാഗികൾക്കും സ്വപ്നദർശികൾക്കും വെളിപാടിറങ്ങുന്നവർക്കും അദ്ദേഹത്തെ അനുസരിക്കൽ അല്ലാഹുവിൽനിന്ന് നിർബന്ധമാക്കിയിരിക്കുന്നു. അതുകൊണ്ട് ഞാൻ ഇപ്പോൾ നിർഭയം പറയട്ടെ, അല്ലാഹുവിന്റെ അനുഗ്രഹവും ഉദാരതയുംകൊണ്ട് ആ ഇമാമുസ്സമാൻ ഞാനാകുന്നു. അല്ലാഹു എന്നിൽ ആ എല്ലാ അടയാളങ്ങളും എല്ലാ നിബന്ധനകളും ഒരുമിച്ചു കൂട്ടിയിരിക്കുന്നു. ഈ നൂറ്റാണ്ടിന്റെ തലയ്ക്കൽ എന്നെ നിയോഗിച്ചയച്ചിരിക്കുന്നു. അതിൽ 15 വർഷം കഴിയുകയും ചെയ്തിരിക്കുന്നു. (മതപരമായ) വിശ്വാസങ്ങൾ ഭിന്നിപ്പുകൾകൊണ്ട് നിറഞ്ഞിരുന്ന കാലത്താണ് ഞാൻ വെളിപ്പെട്ടിരിക്കുന്നത്. ഒരു വിശ്വാസവും ഭിന്നിപ്പില്ലാത്തതായിട്ടില്ല. അപ്രകാരംതന്നെ മസീഹിന്റെ ഇറക്കത്തെക്കുറിച്ചും അങ്ങേയറ്റം അബദ്ധജടിലമായ ചിന്താഗതികൾ പരന്നുകഴിഞ്ഞിരുന്നു. ഈ വിശ്വാസത്തിലുണ്ടായ അഭിപ്രായഭിന്നതയുടെ അവസ്ഥ എന്തായിരുന്നുവെന്ന് വെച്ചാൽ, ഈസാ ജീവിച്ചിരിക്കുന്നുവെന്നു ചിലർ വിശ്വസിച്ചിരുന്നു; ചിലർ മരിച്ചെന്നും. ചിലർ സ്ഥൂലശരീരത്തോടെയുള്ള ഇറക്കം വിശ്വസിച്ചിരുന്നു. ചിലർ പ്രതിബിംബാത്മകമായ ഇറക്കം വിശ്വസിക്കുന്നവരായിരുന്നു. ചിലർ ഡമാസ്കസിൽ അദ്ദേഹത്തെ ഇറക്കുന്നവരായിരുന്നു; ചിലർ മക്കയിലും. ചിലർ ബയ്ത്തുൽ മുഖദ്ദസിലും. ചിലർ (മതപരമായ) സൈന്യത്തിൽ. ചിലർ വിചാരിക്കുന്നത് ഭാരതത്തിൽ ഇറങ്ങുമെന്നായിരുന്നു. ഈ എല്ലാ വിവിധ അഭിപ്രായങ്ങളും പറച്ചിലുകളും വിധികർത്താവായ ഒരു ഹക്കമിനെ തേടിയിരുന്നു. ആ ഹക്കം (നീതിമാനായ വിധികർത്താവ്) ഞാനാകുന്നു.'' (റൂഹാനി ഖസായിൻ, വാല്യം 13, പേജ് 495)

പറഞ്ഞു: ''നബി(സ) തിരുമേനി തന്റെ ഒരു കൈയാണെന്ന് പറയുകയും, സലാം പറയുകയും, ഹക്കം എന്നും അദ്ൽ എന്നും ഇമാം എന്നും ഖലീഫത്തുല്ലാഹ് എന്നും പേരുവച്ചിട്ടുള്ളതുമായ ആ വാഗ്ദത്ത മസീഹ് യഥാർഥത്തിൽ ഞാനാകുന്നു.' (റൂഹാനീ ഖസായിൻ, വാല്യം 13, പേജ് 328)

പറഞ്ഞു: ''ഈ ബഹുമതി എനിക്ക് കേവലം നബി(സ) തിരുമേനിയെ അനുധാവനം ചെയ്തതുകൊണ്ടാണ് ലഭിച്ചത്. ഞാൻ നബി(സ)തിരുമേനിയുടെ ഉമ്മത്തി അല്ലായിരുന്നെങ്കിൽ ആ മഹാത്മാവിനെ പിന്തുടർന്നില്ലായിരുന്നെങ്കിൽ ലോകത്തുള്ള സകല പർവതങ്ങൾക്കു തുല്യം എന്റെ കർമങ്ങളുണ്ടായാലും ഞാനൊരിക്കലും ദൈവഭാഷണമോ ദൈവസംബോധനയോ പ്രാപിക്കുമായിരുന്നില്ല. കാരണം ഇപ്പോൾ മുഹമ്മദീ നുബുവ്വത്തിന്റേതല്ലാത്ത എല്ലാ നുബുവ്വത്തുകളും അടഞ്ഞുപോയിരിക്കുന്നു. ശരീഅത്തു വാഹിയായ ഒരു നബിയും വരികയില്ല. ശരീഅത്തില്ലാത്ത നബിമാർക്ക് വരാവുന്നതാണ്; എന്നാൽ, അയാൾ ആദ്യം ഉമ്മത്തിയായിരിക്കണം. ഇതിന്റെ അടിസ്ഥാനത്തിൽ ഞാൻ ഉമ്മത്തിയുമാണ്; നബിയും. എന്റെ നുബുവ്വത്ത് അതായത് ദൈവഭാഷണവും സംബോധനയും നബി(സ) തിരുമേനിയുടെ നുബുവ്വത്തിന്റെ ഒരു പ്രതിച്ഛായയാണ്. ഇതുകൂടാതെ എന്റെ നുബുവ്വത്തിന് ഒരു പ്രസക്തിയുമില്ല. ആ മുഹമ്മദീ നുബുവ്വത്ത് തന്നെയാണ് എന്നിൽ വെളിപ്പെട്ടത്.' (റൂഹാനീ ഖസായിൻ, വാല്യം 20, പേ: 411–412)

അല്ലാഹു ഹദ്റത്ത് മസീഹ് മൗഊദ്(അ)നെ സംബോധന ചെയ്തുപറഞ്ഞു: *ഇദാ അസംത്ത ഫത്തവക്കൽ അലല്ലാഹി വസ്നഇൽഫുൽക്ക ബി അഅ്യുനിനാ വ വഹ്യിനാ അല്ലദീന യുബാഇഊനക്ക ഇന്നമായുബായിഊനല്ലാഹ യദുല്ലാഹി ഫൗഖ അയ്ദീഹിം* നീ ഈ സേവനത്തിന് നിശ്ചയിച്ചുറപ്പിച്ചുകഴിഞ്ഞാൽ അല്ലാഹുവിൽ തവക്കുൽ ചെയ്യുക. ഈ കപ്പൽ നമ്മുടെ കണ്ണുകൾക്കു മുമ്പിലും നമ്മുടെ വഹ്‌യ് അനുസരിച്ചും ഉണ്ടാക്കുക. ആരാണോ നിനക്ക് ബയ്അത്ത് ചെയ്യുന്നത് അവർ നിനക്കല്ല അല്ലാഹുവിനാണ് ബയ്അത്ത് ചെയ്യുന്നത്. അവരുടെ കൈയുടെ മീതെയിരിക്കുന്നത് അല്ലാഹുവിന്റെ കൈയായിരിക്കും.' (മൽഫൂദാത്ത്, വാല്യം 1, പേജ് 158)

പറഞ്ഞു: ''എല്ലാതരത്തിലുള്ള പച്ചയും ഉണക്കയുമായിട്ടുള്ള ആളുകൾ ഈ ജമാഅത്തിൽ ബയ്അത്ത് ചെയ്ത് പ്രവേശിക്കുന്നതിനെ ഈ സാധുവിന്റെ പ്രകൃതി വെറുത്തുകൊണ്ടിരുന്നു. ആരുടെ പ്രകൃതിയിലാണോ കൂറിന്റെ ബീജമുള്ളത്, അത്തരം അനുഗൃഹീതരായ ആളുകൾ ഈ ജമാഅത്തിൽ പ്രവേശിക്കണമെന്നാണ് മനസ്സ് ആഗ്രഹിച്ചിരുന്നത്; പക്വമാകാത്തവരും പെട്ടെന്ന് മാറ്റമുണ്ടാകാത്തവരും സംശയത്തിന്നടിപ്പെട്ടവരുമാകരുത്.' (മൽഫൂദാത്ത്, വാല്യം 1, പേജ് 160)

അങ്ങനെ ഹദ്റത്ത് മസീഹ് മൗഊദ്(അ) അല്ലാഹുവിന്റെ കല്പനയാൽ 1889 മാർച്ച് 23ന് ആദ്യ ബയ്അത്ത് (അനുസരണ പ്രതിജ്ഞ) വാങ്ങുകയും അഹ്മദിയ്യാ ജമാഅത്തിന് അസ്തിവാരമിടുകയും ചെയ്തു. അദ്ദേഹം താഴെപറയുന്ന ബയ്അത്തിന്റെ നിബന്ധനകൾ തിരഞ്ഞെടുത്തു.

1. ജീവാവസാനംവരെ സൃഷ്ടിപൂജയിൽനിന്ന് (ശിർക്കിൽനിന്ന്) വിട്ടുനില്ക്കുന്നതാണ്.

2. കളവ്, വ്യഭിചാരം, ദുർനോട്ടം എല്ലാവിധത്തിലുമുള്ള ദുഷ്കർമങ്ങൾ, ചതി, പരദ്രോഹം, വിശ്വാസവഞ്ചന, സമാധാനഭംഗമുണ്ടാക്കൽ, രാജ്യദ്രോഹം തുടങ്ങിയ മാർഗങ്ങളിൽനിന്ന് ദൂരപ്പെട്ടിരിക്കുന്നതും എന്തുതന്നെ വികാരാവേശങ്ങൾ വന്നാലും ശരീരേച്ഛകൾക്ക് അടിപ്പെട്ടുപോകാതിരിക്കുന്നതുമാണ്.

3. അല്ലാഹുവിന്റേയും റസൂൽ തിരുമേനി(സ)യുടെയും കല്പനകളനുസരിച്ച് അഞ്ചുനേര നമസ്കാരങ്ങളും കൃത്യമായി നിർവഹിക്കുന്നതും സാധ്യമാകുന്നിടത്തോളം തഹജ്ജുദ് നമസ്കരിക്കുന്നതും നബി(സ)തിരുമേനിയുടെ പേരിൽ സ്വാലത്തും സലാമും ചൊല്ലുന്നതും ദിവസവും തന്റെ കുറ്റങ്ങൾക്കായി മാപ്പിരക്കുന്നതും ഇസ്തിഗ്ഫാർ ചെയ്തുകൊണ്ടിരിക്കുന്നതുമാണ്. അല്ലാഹുവിന്റെ ഔദാര്യങ്ങളെ ആത്മാർഥമായ സ്നേഹവായ്പോടെ സ്മരിച്ചുകൊണ്ടിരിക്കുന്നതും ദൈവസ്മരണയും (ദിക്റെ ഇലാഹി) സ്തോത്രവും (ഹംദ്) നിത്യശീലമാക്കുകയും ചെയ്യുന്നതാണ്.

4. ശാരീരിക ദുരാവേശങ്ങൾക്കടിപ്പെട്ടുകൊണ്ട് ആർക്കുംതന്നെ, ദൈവസൃഷ്ടികൾക്ക് പൊതുവായും മുസ്‌ലിംകൾക്ക് പ്രത്യേകിച്ചും നാവുകൊണ്ടോ, കൈകൊണ്ടോ മറ്റു പ്രകാരത്തിലോ അന്യായമായ ഒരു ക്ലേശവും ഉണ്ടാക്കുന്നതല്ല.

5. സന്താപാവസരത്തിലും സന്തോഷവേളകളിലും സുഖത്തിലും കഷ്ടപ്പാടിലും അനുഗ്രഹലബ്ധിയിലും ആപൽഘട്ടത്തിലും എല്ലാ അവസ്ഥകളിലും അല്ലാഹുവിനോടു വിശ്വസ്തത പുലർത്തുകയും ദൈവഹിതത്തിൽ സംതൃപ്തനായിരിക്കുകയും ചെയ്യുന്നതാണ്. ദൈവമാർഗത്തിൽ എല്ലാവിധത്തിലുള്ള മാനഹാനിയും ക്ലേശങ്ങളും വരിക്കുവാൻ സന്നദ്ധനായിരിക്കുന്നതാണ്. എന്തുതന്നെ വിപത്തു നേരിട്ടാലും മുഖം തിരിച്ചുകളയാതെ മുമ്പോട്ടു കാൽവയ്ക്കുന്നതുമാണ്.

6. എല്ലാതരത്തിലുള്ള ദുരാചാരങ്ങളിൽനിന്നും ദുരാഗ്രഹങ്ങളിൽനിന്നും സ്വയം ഒഴിഞ്ഞുമാറുകയും വിശുദ്ധഖുർആന്റെ എല്ലാ ആജ്ഞകൾക്കും പൂർണ്ണമായി വിധേയനായിരിക്കുന്നതും എല്ലാ വഴികളിലും ദൈവവചനങ്ങൾക്കും തിരുനബി വചനങ്ങൾക്കും അനുസൃതമായി ചരിക്കുന്നതുമാകുന്നു.

7. അഹംഭാവം, മിഥ്യാഭിമാനം മുതലായവ പൂർണമായും ഉപേക്ഷിക്കുകയും വിനീതവും ലളിതവും സംസ്കാരപൂർണവും ശാന്തവും അനാഢംബരവുമായ ജീവിതം നയിക്കുകയും ചെയ്യുന്നതുമാണ്.

8. ദീനിനേയും ദീനിന്റെ അന്തസ്സിനേയും ഇസ്‌ലാമിന്റെ ക്ഷേമത്തേയും സ്വന്തം ജീവനേക്കാളും മുതലിനേക്കാളും മാനത്തേക്കാളും സന്തതികളേക്കാളും മറ്റു പ്രിയങ്കരമായതിനേക്കാളുമെല്ലാം കൂടുതൽ പ്രിയപ്പെട്ടതായി കണക്കാക്കുന്നതാണ്.

9. അല്ലാഹുവിന്റെ എല്ലാ സൃഷ്ടികളോടും ആത്മാർഥമായ സഹാനുഭാവം പ്രദർശിപ്പിച്ചുകൊണ്ടിരിക്കുന്നതും അല്ലാഹു നല്കിയ കഴിവുകളും അനുഗ്രഹങ്ങളും മുഖേന മനുഷ്യകുലത്തിന് ഉപകാരങ്ങൾ ചെയ്തുകൊണ്ടിരിക്കുന്നതുമാകുന്നു.

10. നല്ല കാര്യങ്ങളിൽ അനുസരണം പുലർത്തും എന്ന് സമ്മതിക്കുന്നതോടൊപ്പം കുടുംബങ്ങളിലോ ഭൗതികമായ ഇതരബന്ധങ്ങളിലോ സേവകഭാവങ്ങളിലോ കാണപ്പെടാത്ത തരത്തിലുള്ള ഒരു സുദൃഢ സാഹോദര്യബന്ധം ഈ വിനീതനുമായി (ഹദ്റത്ത് അഹ്മദുമായി) പുലർത്തുന്നതും അത് മരണംവരെ നിലനിറുത്തിപ്പോരുന്നതുമാണ്. (ഇൻശാഅല്ലാഹ്)

(തുടരും)

## കടവും ഉദ്ദേശ്യവും:

നബി(സ)തിരുമേനി പറഞ്ഞു:"കൊടുത്തു വീട്ടണമെന്നുദ്ദേശിച്ചുകൊണ്ട് ജനങ്ങളോടു വല്ലവനും ധനം കടംവാങ്ങിയാൽ അവനുവേണ്ടി അല്ലാഹു അത് കൊടുത്തുവീട്ടും. മറിച്ച് ചെലവുചെയ്ത് നശിപ്പിച്ചു കളയണമെന്ന് മാത്രം ഉദ്ദേശിച്ചുകൊണ്ട് വല്ലവനും കടം വാങ്ങിയാലോ അല്ലാഹു അതിനെ നശിപ്പിച്ചു കളയും(ബുഖാരി)''

**ത്വാലിബെ ദുആ : പി.പി.ഹസ്സൻ കോയ, മഞ്ചേരി**

Printed & Published by: Jameel Ahmed Nasir on behalf of Nigran Board of Badr, at Fazle-Umar Printing Press Qadian, Harchowal Road Po. Qadian, Distt. Gurdaspur-143516, Punjab, India. And published at office of the Weekly Badr Moh- Ahmadiyya, Harchowal Road P.o Qadian Distt. Gsp-143516, Punjab. India. Editor:H.Shamsuddin